kusumammasika@gmail.com
www.facebook.com/balakusumam

# ബാല കുസുമം

2020 ഡിസംബർ

വില 10 രൂപ



## തിരഞ്ഞെടുപ്പ്

കുതിച്ചുകയറാം
മലമുകളിലേക്ക്

'മുത്ത്നബിയുടെ കൂട്ടുകാരൻ'
ചരിത്രാഖ്യായിക ആരംഭിക്കുന്നു

പ്രതിഭകൾ

ബാല കുസുമം

പുസ്തകം 8
ലക്കം 11
2020 ഡിസംബർ





# അഹങ്കരിക്കാൻ എന്തുണ്ട്?

ഒരു കൊല്ലം പോയ പോക്ക്! കൂട്ടുകാർ ഒന്നാലോചിച്ചു നോക്കൂ, എത്ര പ്രതീക്ഷയോടെയായിരുന്നു നാം 2020-നെ വരവേറ്റത്! എന്നിട്ടോ, ജനുവരിയിൽ തന്നെ പലരാജ്യങ്ങളിലും പടർന്നു കോവിഡ് - 19. പിന്നെയത് നമ്മുടെ നാട്ടിലുമെത്തി. സംഗതി, കാണാൻ പോലും പറ്റാത്ത വൈറസാണ്. എന്നിട്ടെന്താ... വിറപ്പിച്ചു കളഞ്ഞില്ലേ ലോകത്തെ മുഴുവൻ! 2021-ലേക്ക് കടക്കുമ്പോഴും വിട്ടുപോകാൻ ഞങ്ങൾ തയ്യാറല്ലെന്ന വാശിയിലാണ്. എത്ര ലക്ഷങ്ങളാ ഓരോ രാജ്യത്തും ഈ വിരുതന്മാർ കാരണം മരിച്ചുപോയത്!

കൂട്ടുകാർക്കോർമ്മയില്ലേ, അന്നു നമ്മൾ പരീക്ഷയെഴുതാനുള്ള ഒരുക്കത്തിലായിരുന്നു. ക്ലാസുകളും പരീക്ഷകളും പരീക്ഷണങ്ങളും

തകൃതിയായി നടക്കുന്ന കാലം. പെട്ടെന്നല്ലേ സ്കൂളുകളുടെയും മദ്റസകളുടെയും കോളേജുകളുടെയുമൊക്കെ വാതിലുകൾ കൊട്ടിയടച്ചത്! പിന്നെയതിന്റെ പടി കയറാൻ നമുക്കിതേ വരെ കഴിഞ്ഞോ? ഇല്ലേയില്ല. ഇനിയെന്ന് അവിടേക്ക് പോകാനാകും എന്നു പറയാനും വയ്യ. പൂതിയായിപ്പോയില്ലേ ഒന്ന് വിദ്യാലയത്തിലേക്ക് പോകാൻ! ഒരവധി കിട്ടുമ്പോൾ കൂട്ടുകാർക്കുണ്ടാവാറുണ്ടായിരുന്ന സന്തോഷം ഒന്നോർത്തു നോക്കൂ, ഇപ്പോൾ അവധിയോടവധിയായി, ഇനിയെന്നാണ് ഞങ്ങൾക്കൊന്ന് സ്കൂളിലും മദ്റസയിലും പോകാനാവുക എന്നു പല കൂട്ടുകാരും സങ്കടത്തോടെ ചോദിക്കുന്നുണ്ട്.

വിദ്യാലയങ്ങൾ മാത്രമല്ല, കടകമ്പോളങ്ങളും മാസങ്ങളോളം അടഞ്ഞു കിടന്നല്ലോ ഒരു വണ്ടിപോലും റോഡിലിറങ്ങാ


**BALA KUSUMAM**

Samastha Centre
Jafarkhan Colony
Calicut - 673006
Ph : 0495 2772 846, 47
kusumammasika@gmail.com

- പബ്ലിഷർ
  പി. കുഞ്ഞഹമ്മദ്
- ചീഫ് എഡിറ്റർ
  മുഹമ്മദ് പാറന്നൂർ
- എക്സിക്യൂട്ടീവ് എഡിറ്റർ
  സി.പി ശഫീഖ് ബുഖാരി
- എഡിറ്റർ
  മുഹമ്മദ് ഇഖ്ബാൽ
- ജനറൽ മാനേജർ
  എ. മൊയ്തീൻ മടവൂർ
- സർക്കുലേഷൻ
  ശരീഫ് സഖാഫി എടയൂർ
- ഇല്ലസ്ട്രേഷൻസ്
  ശ്യാംദാസ്, സന്തു കരിമണ്ണൂർ
- ഡിസൈൻ & ലേ-ഔട്ട്
  അൻവർ സ്വാദിഖ് ബുഖാരി








ത്ത ദിവസങ്ങളുമുണ്ടായി. മിഠായിയും ഐസ്ക്രീമുമൊന്നും വാങ്ങിത്തിന്നാൻ കഴിയാതെ വീട്ടിൽ അടച്ചിരിക്കേണ്ടി വന്ന എത്രയെത്ര ദിവസങ്ങൾ! കളിക്കളങ്ങളിൽ പോലും ആളനക്കമില്ലാതായിപ്പോയില്ലേ! ഇപ്പോൾ എന്തുവന്നാലും വേണ്ടില്ല എന്ന വിചാരത്തോടെ ഓരോ മേഖലയും തുറന്നുകൊണ്ടിരിക്കയാണ്. എന്നാലും തുറക്കാത്ത പലമേഖലയുമുണ്ട്. വിദ്യാലങ്ങളിൽ നിന്നും മറ്റും വിനോദയാത്രകൾ നിരന്തരം പുറപ്പെടുന്ന കാലമായിരുന്നു ഇത്. ഇക്കൊല്ലം ഒരു വിനോദയാത്ര പോലും പോകാനായില്ലല്ലോ. ഒന്നു ബീച്ചിൽ പോയിരിക്കാമെന്നു വിചാരിച്ചാൽ പോലും നടക്കാത്ത കാലമായിപ്പോയില്ലേ!




ഇതൊക്കെ ഓർമ്മപ്പെടുത്തുന്നതെന്തിനാണെന്നോ, ഇത്രയേയുള്ളൂ മനുഷ്യന്റെ കാര്യം എന്നു പറയാൻ തന്നെ! ആരോഗ്യരംഗത്ത് വലിയ നേട്ടമുണ്ടാക്കി, ശാസ്ത്രം കൊണ്ട് എന്തും നേടിയെടുക്കാം എന്നൊക്കെ അഹങ്കരിച്ചിരുന്നവരാണ് കൊറോണ വൈറസിന്റെ മുമ്പിൽ തോറ്റമ്പിപ്പോകുന്നത്! സകല ജീവജാലങ്ങളെയും ദ്രോഹിക്കുന്ന മനുഷ്യരോർക്കുന്നുണ്ടോ, ആ ജീവികളെയൊന്നും കോവിഡ് പിടികൂടിയില്ല എന്ന കാര്യം? നമ്മളിങ്ങനെ വീട്ടിൽ അടച്ചിരിക്കാൻ തുടങ്ങിയപ്പോൾ ഇതര ജീവജാലങ്ങളെല്ലാം നല്ല സന്തോഷത്തിലായിരുന്നു. നമ്മുടെ ശല്യത്തിൽ നിന്നു രക്ഷപ്പെട്ട സന്തോഷം.

കൂട്ടുകാരേ, നമുക്കു ചിന്തിക്കാൻ ഇതിൽ പല കാര്യങ്ങളുമുണ്ട്. നാം ഉപയോഗിച്ച അമിത സ്വാതന്ത്ര്യത്തിന്റെ ദുരന്തഫലമാണിതൊക്കെ. ഭൂമിയിൽ നമ്മൾ ശാന്തരാവണം. വിനയത്തോടെ ജീവിക്കണം. അഹങ്കാരികളാവരുത്. ജീവിതത്തിൽ അടുത്ത നിമിഷം എന്തു സംഭവിക്കുമെന്നു പോലും പറയാൻ കഴിവില്ലാത്തവരാണു നമ്മൾ. നമുക്ക് ബുദ്ധിയേറെയുണ്ടെങ്കിലും മറ്റു ജീ


5

വജാലങ്ങൾക്കുള്ളത്ര കഴിവും പലകാര്യങ്ങളിലും നമുക്കില്ല. നമ്മെപ്പോലെ ഇവിടെ ജീവിക്കാൻ അവയ്ക്കും അവകാശമുണ്ട്. അത് അനുവദിച്ചു കൊടുക്കണം. ഒന്നിനെയും, ആരെയും ദ്രോഹിക്കരുത്. ഭൂമിയിലെ വിഭവങ്ങൾ അമിതമായി ചെലവഴിക്കരുത്. മണ്ണും വായുവും വെള്ളവും അന്തരീക്ഷവും മലിനമാക്കരുത്. ഇങ്ങനെ ഒരുപാട് കാര്യങ്ങൾ ചിന്തിക്കാനും മനസ്സിലാക്കാനും ഈ കോവിഡ്കാലം നമ്മോടു പറയുന്നുണ്ട്. ഒഴിവുസമയത്ത് വെറുതെയിരുന്ന് കൂട്ടുകാർ ഇവയെക്കുറിച്ചൊക്കെ ഒന്നു ചിന്തിച്ചു നോക്കൂ.





നമുക്കിവിടെ അഹങ്കരിക്കാൻ ഒന്നുമില്ല. അല്ലാഹുവിന്റെ സൃഷ്ടികളാണു നമ്മൾ, മറ്റു ജീവജാലങ്ങളെപ്പോലെത്തന്നെ അടുത്ത നിമിഷം എന്താണു സംഭവിക്കുക എന്നു പോലും പറയാൻ കഴിയാത്ത നമ്മളെങ്ങനെ അഹങ്കരിക്കും? കോവിഡ് 19 വൻദുരന്തമായി വന്നപ്പോൾ പിടിച്ചു കെട്ടാൻ മനുഷ്യന്റെ കഴിവുകൾക്കൊന്നും ഇതേവരെ കഴിഞ്ഞില്ലല്ലോ! മാസ്കിട്ട്, സാനിറ്റൈസർ പുരട്ടി, സോപ്പിട്ടു കൈ കഴുകി, സമ്പർക്കമൊക്കെ ഒഴിവാക്കി ഒഴിഞ്ഞുമാറി നടക്കുകയല്ലേ നമ്മളിപ്പോഴും!

2020 വിടപറയു


മ്പോൾ ഇത്തരം ചിന്തകളൊക്കെ നമ്മുടെ മനസ്സിലുണ്ടാവണം. പാഠങ്ങൾ പഠിക്കണം. നഷ്ടപ്പെട്ട അവസരങ്ങൾ വീണ്ടെടുക്കാനുള്ള ശ്രമങ്ങളുണ്ടാവണം. സ്കൂളിൽ പോകാനാവാതെ, മദ്റസയിൽ പോകാനാവാതെ ഇതാ ഒരു കൊല്ലം കഴിഞ്ഞുപോകുന്നു. ഓൺലൈൻ പഠനത്തിലൂടെ നിങ്ങൾ പാഠങ്ങളൊക്കെ മനസ്സിലാക്കിയിട്ടുണ്ടാവും. എന്നാലും ക്ലാസിലിരുന്നു പഠിക്കുമ്പോലെയാവില്ലല്ലോ അതൊന്നും. അതുകൊണ്ട് ആ നഷ്ടം നികത്താൻ കൂട്ടുകാർ ഉത്സുകരാകണം. പഠനത്തിൽ കൂടുതൽ താൽപര്യം കാണിക്കണം. അല്ലാഹു അനുഗ്രഹിക്കട്ടെ, ആമീൻ.


# പൂവൻകോഴി

കൂട്ടിൽ കണ്ടോ കോഴി
നല്ലൊരു കേമൻ കോഴി
വെള്ളയുടുപ്പിൽ കോഴി
വെളുപ്പിന് കൂവും കോഴി
തലയിൽ പൂവും ചൂടി
ഗമയിൽ നിൽക്കും കോഴി
പളപള മിന്നും വാലും
നീളൻ സ്വർണക്കാലും
ആകെ കാണാൻ ചന്തം
കൂട്ടിലെ പൂവൻകോഴി



**അബ്ദുല്ല പേരാമ്പ്ര**


സഫർ
ജമാൽ ഒരു വഴിയിലൂടെ നടന്നു പോകുന്നു, പെട്ടെന്ന് വഴിയിൽ നിന്നൊരാൾ തിരിച്ചു പോകുന്നു.
ജമാൽക്കാ, നിങ്ങളെന്താ പെട്ടെന്നു തിരിച്ചുപോന്നത്?
ങേ, സഫറോ, എന്തു പറയാനാ മോനേ, നല്ലൊരു കാര്യത്തിന്നിറങ്ങിയതാ. അപ്പഴാ വഴിയില് ഓരോ ദുശ്ശകുനങ്ങള്!
ദുശ്ശകുനങ്ങളോ?
അതേടോ, വീട്ടിന്നെറങ്ങിയപ്പഴേ ഒരു കാക്ക ഒച്ചയുണ്ടാക്കിയതു കേട്ടതാ. അത് വക വെക്കാതെ മുന്നോട്ടു പോയപ്പോ ഒരു പൂച്ച കുറുകെ ചാടുകയും ചെയ്തു. ഇനിയിക്കാര്യം നടക്കാമ്പോവുന്നില്ല. ആകെ ദുശ്ശകുനങ്ങളാ.
ജമാൽക്കക്ക് ഇപ്പഴും ഇങ്ങനെള്ള അന്ധവിശ്വാസങ്ങളോ?
ഇതൊന്നും അന്ധവിശ്വാസങ്ങളല്ലെടാ, പണ്ടേ ആൾക്കാര് വിശ്വസിക്കുന്നതാ... അതിൽ കാര്യങ്ങളുണ്ട്.



അതിൽ കാര്യങ്ങളൊന്നുമില്ല. ഓരോ പൊട്ടത്തരങ്ങള്.
നിന്നെപ്പോലുള്ള ചെറുപ്പക്കാർ ഇങ്ങനൊക്കെ പറയും. പരിഷ്ക്കാരികളല്ലേ!
പരിഷ്ക്കാരികളൊന്നുമല്ല. നമ്മള് വിശ്വസിക്കേണ്ടത് നമ്മുടെ മതത്തിൽ പറഞ്ഞ കാര്യങ്ങളല്ലേ?
ശകുനങ്ങളെക്കുറിച്ചെന്താ മതത്തിൽ പറഞ്ഞത്?
ദുശ്ശകുനത്തെക്കുറിച്ചു ചോദിച്ചപ്പോൾ തിരുനബി(സ) പറഞ്ഞത് അങ്ങനെയൊരു ശകുനമേയില്ലെന്നാണ്.
നേരോ, ശരിയായ ഹദീസിലുള്ളതാണോ ഇത്?
അതേ, ബുഖാരിയിലും മുസ് ലിമും റിപ്പോർട്ട് ചെയ്ത ഹദീസുകളിൽ വ്യക്തമായിത്തന്നെ പറഞ്ഞിട്ടുണ്ട്, ദുശ്ശകുനങ്ങളില്ലെന്ന്. ഒരു കാക്ക കരഞ്ഞതിനും പൂച്ച ചാടിയതിനുമൊന്നും ഇക്ക യാത്ര മുടക്കേണ്ട. ധൈര്യമായിട്ടു പോയിക്കോളൂ.
നീ പറഞ്ഞാലെനിക്ക് വിശ്വാസാ.... അതോണ്ട് ഞാൻ യാത്ര മുടക്കുന്നില്ല. എന്നാ ശരി, പോകട്ടേ!

# തിരഞ്ഞെടുപ്പ് വിശേഷങ്ങൾ

ഇ.എം സുഫ്‌യാൻ

**1947** ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചു. ഇന്ത്യ ഒരു ജനാധിപത്യ രാജ്യമായി മാറി. ജനങ്ങൾ തെരെഞ്ഞെടുക്കുന്ന പ്രതിനിധികളാണ് രാജ്യം ഭരിക്കേണ്ടത്. പതിനേഴര കോടിയിലധികം വോട്ടർമാരുള്ള രാജ്യത്ത് ജനപ്രതിനിധികളെ എങ്ങനെ തിരഞ്ഞെടുക്കും? കുഴക്കുന്ന ഒരു പ്രശ്നമായിരുന്നു അത്. 1949 ൽ സുകുമാർ സെൻ അധ്യക്ഷനായി ആദ്യ തിരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിച്ചു. ലോകസഭയിലേക്കും സംസ്ഥാന നിയമസഭകളിലേക്കും ഒന്നിച്ചായിരുന്നു തിരഞ്ഞെടുപ്പ്. 4500 സീറ്റുകളാണുണ്ടായിരുന്നത്. ആയിരം വോട്ടർമാർക്ക് ഒരു ബൂത്ത് എന്ന ശരാശരിയിൽ രണ്ടേ കാൽ ലക്ഷത്തോളം ബൂത്തുകൾ ഒരുക്കി. ഉരുക്കുകൊണ്ട് ഇരുപത്തഞ്ച് ലക്ഷം ബാലറ്റ് പെട്ടികളും നിർമ്മിച്ചു. സിനിമാ തിയേറ്ററുകളിലും റേഡിയോയിലും വോട്ട് ചെയ്യേണ്ട രൂപം വിശദീകരിച്ചു. സ്ഥാനാർത്ഥികളുടെ പേര് വായിക്കാനറിയാത്തവർക്കായി ചിഹ്നങ്ങൾ കണ്ടെത്തി. ബൂത്തിൽ ഓരോ പാർട്ടിക്കും പ്രത്യേക ചിഹ്നം പതിച്ച പെട്ടികൾ വെച്ചു. അങ്ങനെയാണ് തിരഞ്ഞെടുപ്പ് നടന്നത്.



## എന്താണ് നോട്ട ?

ഒരു സ്ഥാനാർഥിക്കും വോട്ടു ചെയ്യുന്നില്ല എന്നു രേഖപ്പെടുത്തുന്നതിനുള്ള ബട്ടൺ കൂടി വോട്ടിങ്ങ് മഷീനിൽ ഏർപ്പെടുത്തണമെന്ന് 2013 സെപ്റ്റംബർ 27 ന് സുപ്രീം കോടതി വിധിച്ചു. അതനുസരിച്ച്, ഏതൊരാൾക്കും 'ഒരു ഒരു സ്ഥാനാർഥിക്കും വോട്ടു ചെയ്യുന്നില്ല' എന്നു രേഖപ്പെടുത്തുന്നതിനുള്ള നോട്ട എന്ന ഒരു ബട്ടൺ (NOTA - one of the above) കൂടി വോട്ടിങ് മെഷീനിൽ പുതുതായി ചേർത്തു. എന്നാൽ ഇത് ഉപയോഗിക്കുന്നവരുടെ എണ്ണം സ്ഥാനാർഥികൾക്കു കിട്ടുന്ന വോട്ടുകളെക്കാൾ കൂടുതൽ ആയാൽ പോലും, ഏറ്റവും കൂടുതൽ വോട്ടു കിട്ടുന്ന സ്ഥാനാർഥിയെ തന്നെയാണ് വിജയിയായി കണക്കാക്കുക. 2013 ഡിസംബർ മാസത്തിൽ ഡൽഹി ഉൾപ്പെടെ 5 സംസ്ഥാനങ്ങളിലെ നിയമ സഭകളിലേക്കു നടന്ന തിരഞ്ഞെടുപ്പുകളിൽ ഈ രീതി പ്രാബല്യത്തിലായി.




## തദ്ദേശ ഭരണം

തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇന്ത്യയിലെ ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും പ്രാദേശിക ഭരണകൂടങ്ങളാണ്. നിയമ നിർമ്മാണമൊഴികെയുള്ള വിപുലമായ അധികാരങ്ങളും ചുമതലകളുമാണ് ഇവയ്ക്കുള്ളത്. ഇപ്പോഴത്തെ പഞ്ചായത്തുകൾ 1992– ലെ 73–ാം ഭരണഘടനാ ഭേദഗതി പ്രകാരം ഉണ്ടാക്കിയ പഞ്ചായത്തി രാജ് നിയമപ്രകാരമാണ് നടപ്പിലായത്.



# അധികാരങ്ങൾ

കെട്ടിടങ്ങളും സ്ഥാപന ങ്ങളും നിർമ്മിക്കാനും നട ത്തിക്കൊണ്ടുപോകാനും അ നുമതി നൽകുന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങളാണ്. നി കുതി പിരിക്കുന്നതിനുള്ള അവകാശവും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു തന്നെ. പ്രാദേശിക ഗതാഗത സൗക ര്യം ഒരുക്കൽ, പാർപ്പിടമില്ലാ ത്തവർക്ക് വീട് നിർമ്മിച്ചു നൽകൽ, കൃഷിയും ഉൽപാ ദനമേഖലയും പ്രോൽസാ ഹിപ്പിക്കൽ, മാലിന്യനിർ മ്മാർജ്ജനം തുടങ്ങിയവ ത ദ്ദേശ ഭരണ സ്ഥാപനങ്ങളു ടെ ചുമതലകളാണ്.

# പഞ്ചായത്തി രാജ്

ഇന്ത്യയിലെ ഗ്രാമീണ അധികാര വികേന്ദ്രീകരണ സംവിധാനമാണ് പഞ്ചായത്തി രാജ്. ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്ന സങ്കൽപ്പത്തിന്റെയും, ഗ്രാമസ്വരാജിലൂടെ പൂർണ്ണ സ്വരാജ് എന്ന ദർശനത്തിന്റെയും പ്രായോഗിക രൂപമാണ് പഞ്ചായത്തി രാജ്.

1959 ഒക്ടോബർ 2ന് രാജസ്ഥാനിലെ നഗൗരിൽ ഇന്ത്യയിലെ പഞ്ചായത്തി രാജ് സംവിധാനത്തിനു ആരംഭമായി. 1960 ജനവരി 18ന് എറണാകുളത്ത് കേരളത്തിലെ പഞ്ചായത്ത് രാജ് ഭരണസംവിധാനം ഉദ്ഘാടനം ചെയ്തത് ജവഹർലാൽ നെഹ്രുവാണ്.

1992ലെ എഴുപത്തിമൂന്നാം ഭരണഘടനാ ഭേദഗതി പ്രകാരം എല്ലാ പഞ്ചായത്തുകളിലെയും ഗ്രാമങ്ങളിലെയും വാർഡുകളിൽ രജിസ്റ്റർ ചെയ്ത വോട്ടർമാരുടെ സമ്മേളനമായ ഗ്രാമസഭകൾക്ക് ഭരണഘടനാപരമായ അംഗീകാരം ലഭിച്ചു. ഇതുവഴി, ഗ്രാമ പഞ്ചായത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത് എന്ന ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നു. ഇവിടങ്ങളിൽ അഞ്ച് വർഷത്തിൽ ഒരിക്കൽ ജനപ്രതിനിധികളെ തെരഞ്ഞെടുക്കുക എന്നത് നിർബന്ധമാക്കി. വനിതകൾക്കും പിന്നാക്ക വിഭാഗങ്ങൾക്കും സംവരണം നൽകി. അധികാരം ജനങ്ങളിലെത്തുക, സാധാരണക്കാരിൽ എത്തുക എന്നത് ഇന്ത്യയെപ്പോലെ അധികം വൈവിധ്യങ്ങളും ജനസംഖ്യയുമുള്ള ഒരു രാജ്യത്ത് ദുഷ്കരമായ കാര്യമാണെങ്കിലും അത് നേടാൻ ഈ പദ്ധതികളിലൂടെ സാധിച്ചു. കേരളമിന്ന് സംസ്ഥാന ബജറ്റിലെ 40 ശതമാനം പഞ്ചായത്തുകളുടെ പ്രവർത്തനത്തിനായി നീക്കിവയ്ക്കുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങൾക്ക് ഇതൊരു മാതൃകയാണ്.

# കേരള പഞ്ചായത്തിരാജ് ആക്ട്

സംസ്ഥാന സർക്കാറുകൾ പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം നൽകുന്നതിനായാണ് ഈ നിയമനിർമ്മാണം നടന്നത്. 1962 ൽ ആക്ട് നിലവിൽ വന്നു. സംസ്ഥാനത്താകെ 922 ഗ്രാമപ്പഞ്ചായത്തുകൾ രൂപീകരിച്ചു. പിന്നീ



ട് ചില പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളായി മാറുകയും ചില പഞ്ചായത്തുകൾ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുകയും ചെയതു. 1994 ൽ കേരള പഞ്ചായത്ത് രാജ് ആക്ട് ഭേദഗതിക്കു ശേഷം നിലവിൽ വരുമ്പോൾ 991 ഗ്രാമപ്പഞ്ചായത്തുകളാണ് ഉണ്ടായിരുന്നത്. ഇപ്പോൾ ഇത് 941 ആണ്.

# ജോ ബൈഡൻ അമേരിക്കൻ പ്രസിഡണ്ട്

അമേരിക്കയുടെ 46ാമത് പ്രസിഡന്റായി ഡെമോക്രറ്റിക് പാർട്ടി സ്ഥാനാർത്ഥി ജോ ബൈഡൻ തെരെഞ്ഞെടുക്കപ്പെട്ടു.

ബൈഡന് 306 വോട്ടുകളാണ് ലഭിച്ചത്. പ്രസിഡന്റാകാൻ 270 ഇലക്ടറൽ വോട്ടുകളാണ് വേണ്ടിയിരുന്നത്. റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയും നിലവിലെ പ്രസിഡന്റുമായ ഡൊണാൾഡ് ട്രംപിന് 232 ഇലക്ടറൽ വോട്ടുകളാണ് ലഭിച്ചത്.

അടുത്ത വർഷം ജനുവരി 20നാണ് ബൈഡൻ പ്രസിഡന്റ് സ്ഥാനം ഏറ്റെടുക്കുക. വൈറ്റ് ഹൗസിലേക്കെത്തുന്ന ഏറ്റവും പ്രായം കൂടിയ പ്രസിഡന്റാണ് ജോ ബൈഡൻ. 78 വയസ്സാണ് അദ്ദേഹത്തിന്റെ പ്രായം.

കൊവിഡ് രോഗം മൂലം ബുദ്ധിമുട്ടുന്ന അമേരിക്കയിൽ വലിയ വെല്ലുവിളികളാണ് ബൈഡന് നേരിടാനുള്ളത്. ബറാക്ക്

# പ്രസിഡണ്ട് തെരഞ്ഞെടുപ്പ്

അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡന്റിനെയും വൈസ് പ്രസിഡന്റിനെയും തിരഞ്ഞെടുക്കുന്നത് യു എസ് ഇലക്ടറൽ കോളജാണ്: ഇലക്ടറൽ കോളജ് അംഗങ്ങളെ തിരഞ്ഞെടുക്കുന്നത് ജനങ്ങൾ ബാലറ്റ് വഴി വോട്ടു ചെയ്തും. ഇലക്ടറൽ കോളജ് അംഗങ്ങൾ വോട്ടു ചെയ്ത് സ്ഥാനാർഥികൾക്ക് കേവല ഭൂരിപക്ഷം ലഭിച്ചില്ലെങ്കിൽ അമേരിക്കൻ കോൺഗ്രസാണ് പ്രസിഡന്റിനെ തിരഞ്ഞെടുക്കുക. നാലു വർഷം കൂടുമ്പോഴാണ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് നടക്കുന്നത്.

ഒബാമ പ്രസിഡന്റായിരുന്ന 2009 മുതൽ 2017 വരെയുള്ള കാലഘട്ടത്തിൽ അമേരിക്കൻ വൈസ് പ്രസിഡന്റായിരുന്നു ബൈഡൻ.

കലിഫോർണിയയിൽ നിന്നുള്ള ഇന്ത്യൻ വംശജ കമല ഹാരിസിനെ വൈസ് പ്രസിഡന്റായി തെരഞ്ഞെടുത്തു. കലിഫോർണിയയിലെ ഓക്ക്ലന്റിൽ 1964 ഒക്ടോബർ 20 ന് ആയിരുന്നു കമല ഹാരിസ് ജനിച്ചത്. ജമൈക്കക്കാരനായ ഡോണാൾഡ് ഹാരിസിന്റെയും ചെന്നൈ സ്വദേശിയായിരുന്ന ഇന്ത്യൻ അമേരിക്കൻ ശ്യാമള ഗോപാലന്റെയും പുത്രിയാണ് കമല ഹാരിസ്. അറ്റോർണിയായ ഡഗ്ളസ് എമ്മോഫ് ആണ് ഭർത്താവ്.



ജോ. ബൈഡൻ

1990 2004 വരെ കലിഫോർണിയയിലെ അലമീഡാ കൗണ്ടി ഡെപ്യൂട്ടി ഡിസ്ട്രിക്റ്റ് അറ്റോർണി, 2003 മുതൽ ഡിസ്ട്രിക്റ്റ് അറ്റോർണി, 2010 മുതൽ കലിഫോർണിയ സ്റ്റേറ്റ്, 2016 ൽ കലിഫോർണിയായിൽ നിന്നും യുഎസ് സെനറ്റർ ആയും കമലാ ഹാരിസ് തിരഞ്ഞെടുക്കപ്പെട്ടു.

# ഉസ്താദിന്റെ വിരുന്നുകാർ

**കുഞ്ഞുമോൻ/അബൂതസ്നീം**

**മാ**മന്റെ കൂടെ അങ്ങാടിയിൽ പോകുമ്പോഴാണ് വഴിയിൽ ജലീലുസ്താദിനെ കണ്ടത്. സലാം പറഞ്ഞു. മാമന്റെയടുത്തേക്ക് വന്നപ്പോഴാണ് ഉസ്താദ് പിന്നിലിരിക്കുന്ന കുഞ്ഞ്യോനെ കാണുന്നത്. “ങേ, ഇതാര്.. നമ്മുടെ മുജ്തബയോ!”

ഉസ്താദ് അത്ഭുതത്തോടെ ചോദിച്ചപ്പോൾ മാമനും അത്ഭുതം. “അപ്പോ നിങ്ങൾ തമ്മിൽ പരിചയക്കാരാണോ?” മാമൻ ചോദിച്ചു.

“പിന്നല്ലാതെ, എന്റെ ക്ലാസിലെ നല്ല കുട്ടിയാണല്ലോ മുജ്തബ. എന്നെക്കുറിച്ചിതുവരെ മുജ്തബ നിന്നോടു പറഞ്ഞിട്ടില്ലേ?” ഉസ്താദ് മാമനോടിങ്ങനെ ചോദിച്ചപ്പോൾ കുഞ്ഞുമോൻ വല്ലാതായി.

എല്ലാ കഥയും മാമനോടു പറയാറുണ്ട്. ഉസ്താദുമാരെക്കുറിച്ചും മാഷുമാരെക്കുറിച്ചുമൊക്കെ. ജലീലുസ്താദിനെക്കുറിച്ചും പലപ്പോഴും പറഞ്ഞിട്ടുണ്ടല്ലോ. ഞാൻ പറയുന്നത് മാമന്റെ ചങ്ങാതിയായ ജലീലുസ്താദിനെക്കുറിച്ചാണെന്നു മനസ്സിലായിട്ടുണ്ടാവില്ല.

“എന്താ



ണെടോ ഇതുവരെ എന്നെക്കു റിച്ചു മാമനോടു പറയാതിരുന്നത്?"

ഉസ്താദിന്റെ ചോദ്യം വന്നപ്പോഴേക്കും മാമന്റെ വാക്കുകൾ കേട്ടത് ആശ്വാസമായി:"ഓ, ഇവൻ പലപ്പോഴും പറയാറുള്ള ജലീലുസ്താദ് നീയാണല്ലേ? ഞാൻ ബിചാരിച്ച് ഏതോ വലിയ ഭോജരാജാവാണെന്ന്."

മാമന്റെ തമാശ കേട്ട് ചിരിച്ചു പോയി. മാമനും ഉസ്താദും അടുത്ത ചങ്ങാതിമാരായതു കൊണ്ട് ഇങ്ങനെയൊക്കെ പറയാമല്ലോ.

"വാ... വണ്ടീന്നെറങ്ങ്.... എന്റെ വീട്ടിൽ കയറീട്ടു പോകാം." ഉസ്താദ് രണ്ടു പേരെയും വീട്ടിലേക്കു ക്ഷണിച്ചു. മാമൻ തിരക്കുണ്ടെന്നു പറഞ്ഞിട്ടും ഉസ്താദ് വിട്ടില്ല. "ഇതൊരു നല്ല ചാൻസാ, ഇതുപോലൊരു അ



വസരം പിന്നെ ഒത്തു കിട്ടില്ലെടോ... പ്രത്യേകിച്ച് എന്റെ പ്രിയപ്പെട്ട ശിഷ്യനും കൂടെയുള്ളപ്പോൾ!"

ഉസ്താദിന്റെ നിർബന്ധത്തിനു വഴങ്ങി മാമൻ വണ്ടി സൈഡിലേക്ക് ഒതുക്കി നിർത്തി. റോഡരികിൽ തന്നെയാണ് ഉസ്താദിന്റെ വീട്. വീട്ടിലേക്കു നടക്കുമ്പോൾ കുഞ്ഞുമോൻ നാലുഭാഗവും ശ്രദ്ധിച്ചു. വഴിയരികിലൊക്കെ ധാരാളം ചെടികൾ. പൂവുള്ളതും ഇല്ലാത്തതുമുണ്ട്. എന്തൊരു ഭംഗിയാണവ കാണാൻ! വീട്ടുമുറ്റത്ത് ചെടികൾ നട്ടുപിടിപ്പിക്കുന്നതിനെക്കുറിച്ചും മറ്റും ഉസ്താദ് ഇടയ്ക്കിടെ ക്ലാസിൽ പറയാറുണ്ടല്ലോ. പറയുന്ന വിധമൊക്കെ ഉസ്താദ് ചെയ്തിട്ടുണ്ട്. സാധാരണ കാണുന്ന ചെടികളാണെങ്കിലും അവയൊക്കെ നല്ല ഭംഗിയിലാണു നട്ടുപിടിപ്പിച്ചിരിക്കുന്നത്.

ചെറിയ വീടാണെങ്കിലും നല്ല വൃത്തിയുണ്ട്. മുറ്റത്തിന്റെ അരികിലൊക്കെ നല്ല പൂച്ചെടികൾ! പൂക്കളുടെ നല്ല മണം. പൂമ്പാറ്റകൾ പാറിപ്പറക്കുന്നു. ഉസ്താദിന്റെ മക്കളായിരിക്കും, അവയുടെ പിന്നാലെയോടുന്നുണ്ട്. "മക്കളേ, പൂമ്പാറ്റയെ പിടിക്കരുതേ! പിടിച്ചാൽ അവ ചത്തുപോകും." ഉസ്താദ് കുട്ടികളെ ശാസിച്ചു.

വരാന്തയിൽ കയറി ഉസ്താദ് ഇരിക്കാൻ ക്ഷണിച്ചു. 'ഞാനിപ്പോ വരാം' എന്നു പറഞ്ഞ് പുറത്തേക്കിറങ്ങിപ്പോയി. മുറ്റത്തെ പൂക്കളുടെ ഭംഗിയും വീടിനു ചുറ്റും വളർന്നു നിൽക്കുന്ന മരങ്ങളുമൊക്കെ ശ്രദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ ഉസ്താദ് വന്നു; ഒരു പാത്രം നിറയെ പഴങ്ങളുമായി. കുഞ്ഞുമോൻ ആ പാത്രത്തിലൊന്നു കണ്ണോടിച്ചു, എന്തെല്ലാം പഴങ്ങൾ! ചാമ്പക്ക, സപ്പോട്ട, റമ്പൂട്ടാൻ, പേരയ്ക്ക.... കാണുമ്പോൾ തന്നെ വായിൽ വെള്ളമൂറുന്നു.

"കഴിച്ചോളൂ, ഒക്കെ നമ്മളെ തോട്ടത്തിലുണ്ടായതാ." ഉസ്താദ് പറഞ്ഞു.

"കുഞ്ഞ്യോനേ, നിന്റെ ഉസ്താദ് നല്ലൊരു കൃഷിക്കാരനാ." മാമൻ പരിചയപ്പെടുത്തി.

"അങ്ങനെയൊന്നുമല്ലെടോ, ഒഴിവു സമയത്ത് ഇങ്ങനെ ചിലതൊക്കെ കൃഷിചെയ്യും; അത്രേള്ളൂ."

"എന്നാലും ഇതൊക്കെ നീ നട്ടുണ്ടാക്കിയത് തന്ന്യാണല്ലോ."

കൊണ്ടുവന്നു വെച്ച പഴ

ങ്ങൾ വയറുനിറയെ കഴിച്ചു ക
ഴിഞ്ഞപ്പോഴാണ് ഉസ്താദിന്റെ
ഭാര്യ പൈനാപ്പിൾ ജ്യൂസുമാ
യി വന്നത്. കുഞ്ഞുമോന് ഏ
റെ ഇഷ്ടമുള്ളതാണു പൈ
നാപ്പിൾ ജ്യൂസ്. ഒന്നല്ല, ര
ണ്ടു ഗ്ലാസ് നിറയെ ജ്യൂ
സ് ഉസ്താദ് നിർബന്ധിച്ചു കു
ടിപ്പിച്ചപ്പോൾ വയറ് ഇപ്പോൾ
പൊട്ടുമെന്ന അവസ്ഥയിലായി



പ്പോയി.

വർത്തമാനം പറഞ്ഞിരിക്കു
ന്നതിനിടയിൽ ഉസ്താദ് പറ
ഞ്ഞു: "നമുക്കൊന്ന് പുറത്തി
റങ്ങാം. എന്റെ തോട്ടമൊക്കെ
ഒന്നു കാണാമല്ലോ. "

സന്തോഷത്തോടെ പുറ
ത്തിറങ്ങി ഉസ്താദിനു പിന്നാ
ലെ നടന്നു. നിറയെ കായ്കളു
ള്ള ചാമ്പക്കാ മരവും പേരയ്
ക്കാ മരവും സപ്പോട്ട മരവും....
പിന്നെയുമെന്തൊക്കെ മര

ങ്ങൾ, റമ്പൂട്ടാൻ, പപ്പായ, മാവ്, പ്ലാവ്, തെങ്ങ്, കവുങ്ങ്,.... എല്ലാ മരത്തിലുമുണ്ട് നിറയെ കായ്കൾ.

"ഇതെന്താ ജലീലേ, നിന്റെ തോട്ടത്തിൽ ഇത്രയും കായകൾ? ഞങ്ങൾ ഈ മരമൊന്നും നട്ടുപിടിപ്പിച്ചാൽ ഇത്രയും കായ്കളുണ്ടാവില്ലല്ലോ."

മാമന്റെ ചോദ്യം കുഞ്ഞുമോന്റെ മനസ്സിലുമുണ്ടായിരുന്നു. വീട്ടിലെ ചാമ്പക്കാമരത്തിലൊന്നും ഇത്രയും കായ്കളില്ലല്ലോ.

"അതേയ്, നമ്മള് അവയോട് പെരുമാറുന്നതിനനുസരിച്ചാ... നല്ല വളവും വെള്ളവും നൽകണം. നല്ല ഭക്ഷണം കൊടുത്താല് ആളുകൾക്കൊക്കെ നമ്മോടിഷ്ടമുണ്ടാകുമല്ലോ, അതു പോലെത്തന്നെ. പിന്നെ ഇടയ്ക്കിടെ അവയുടെ അടുത്തു പോകണം, വർത്തമാനം പറയണം. അവയെ നന്നായി ശ്രദ്ധിക്കണം."

"മരങ്ങളോടു വർത്തമാനം പറയേ, നിനക്കെന്താ പ്രാന്തുണ്ടോ?"

"പ്രാന്തൊന്നുമല്ലെടോ അത്. നമ്മൾ അടുത്തു ചെല്ലുന്നതും അവയെ പരിപാലിക്കുന്നതുമൊക്കെ അവ ശരിക്കും അറിയുന്നുണ്ട്. നമ്മളവയെ സ്നേഹിച്ചാല് അവ നമ്മെയും സ്നേഹിക്കും. അവയെ വെറുപ്പിച്ചാല് വെറുക്കുകയും ചെയ്യും."

ഉസ്താദിനോടൊപ്പം നടന്നെത്തിയത് പച്ചക്കറിത്തോട്ടത്തിലാണ്. പടർന്നു കിടക്കുന്ന വള്ളികൾ, പല നിറത്തിലുള്ള ചെടികൾ.

"കുഞ്ഞ്യോന് വത്തക്ക കായ്ക്കുന്ന മരം കാണണോ?" ഉസ്താദിന്റെ ചോദ്യം കേട്ടപ്പോൾ ആശ്ചര്യപ്പെട്ടുപോയി. അതും ഇവിടെയുണ്ടോ? അന്നൊരിക്കൽ ക്ലാസിൽ വെച്ച് അമീന 'എന്റെ വീട്ടിൽ ബത്തക്ക കായ്ക്കുന്ന മരമുണ്ടെ'ന്നു പറഞ്ഞപ്പോൾ ഉസ്താദ് ചിരിച്ച കാര്യം ഓർമ്മയിലെത്തി.

ഉസ്താദ് വള്ളികൾക്കിടയിൽ വലിയ ബത്തക്ക കായ്കൾ കാണിച്ചു തന്നപ്പോഴാണ് അന്ന് ഉസ്താദ് ചിരിച്ചതിന്റെ കാരണം മനസ്സിലായത്. അതോർത്ത് കുഞ്ഞുമോനും ചിരിച്ചുപോയി. ബത്തയ്ക്ക കായ്ക്കുന്നത് വള്ളിയിലാണ്, മരത്തിലല്ലോ.

ഓരോ ചെടിയും വള്ളിയും ഉസ്താദ് പരിചയപ്പെടുത്തി. ഇത് വെള്ളരി, ഇത് കക്കരി, ഇത് മത്തൻ, ഇത് കുമ്പളം, ഇത് ചു

രങ്ങ, ഇത് പടവലം, ഇത് കയ്പക്ക, ഇത് ചീര, ഇത് കോളിഫ്ളവർ, ഇത് കാബേജ്, ഇത് പയർ... എന്തെല്ലാം പച്ചക്കറികൾ...! ഉസ്താദിന്റെ തോട്ടം അതിമനോഹരം തന്നെ.

"നീ ആള് തരക്കേടില്ലല്ലോ." മാമൻ അഭിനന്ദിച്ചപ്പോൾ ഉസ്താദ് പറഞ്ഞു: "ഇതൊരു രസമാണെടോ. ഈ കൃഷിത്തോട്ടത്തിലൂടെ നടക്കുമ്പോഴും കൃഷികളെ പരിപാലിക്കുമ്പോഴുമുള്ള സുഖം ഒന്നു വേറെത്തന്നെയാ. വല്ലാത്തൊരു സന്തോഷമാ...!"

തിരിച്ചുപോരുമ്പോഴാണ് പേരയ്ക്കാമരത്തിൽ കുറെ പക്ഷികളെ കണ്ടത്. അവ നല്ല പേരയ്ക്കകൾ കൊത്തിത്തിന്നുന്നു. കുഞ്ഞുമോൻ അവയെ എറിഞ്ഞു പറത്താൻ കല്ലെടുത്തതു കണ്ടപ്പോൾ ഉസ്താദ് പറഞ്ഞു: "കുഞ്ഞ്യോനേ, എറിയല്ലേ, എന്റെ വിരുന്നുകാരാണവർ. വയറു നിറയെ തിന്നു പോയ്ക്കോട്ടേ."

"വിരുന്നുകാരോ, നീ നട്ടുണ്ടാക്കിയ മരത്തിലെ പഴങ്ങളൊക്കെ തിന്നാൻ വന്നവർ...?"

മാമൻ അത്ഭുതത്തോടെ ചോദിച്ചപ്പോൾ ഉസ്താദ് പറഞ്ഞു: "അതേടോ, നമുക്ക് മാത്രം തിന്നാനല്ല ഞാനിവയൊക്കെ കൃഷി ചെയ്തുണ്ടാക്കിയത്, മറ്റു ജീവികൾക്കും കൂടിയാ. നീ കേട്ടിട്ടില്ലേ മുത്തുനബി(സ) പറഞ്ഞത്; ഒരാൾ കൃഷിയുണ്ടാക്കിയാൽ അതിൽ നിന്നു പക്ഷികളും മറ്റും തിന്നുപോകുന്നത് സ്വദഖയാണ്, കള്ളന്മാർ കട്ടുകൊണ്ടു പോകുന്നതും സ്വദഖയാണ്."

"പണം സ്വദഖ ചെയ്യാനൊന്നും എന്റെയടുത്തുണ്ടാവാറില്ല. എന്നാൽ ഈ പഴങ്ങളൊക്കെ എത്രയെത്ര ജീവികളാണെന്നോ തിന്നു വയറു നിറയ്ക്കുന്നത്. തത്തയും കാക്കയും പ്രാവും അണ്ണാനും എലിയും.. അങ്ങനെ എത്രയെത്ര ജീവികൾ! അവരൊക്കെ എന്റെ വിരുന്നുകാരാണ്. അവർ ഇവിടെ വന്നു വയറു നിറച്ചു പോകുന്നു. അതിന്റെ ബർകത്ത് കൂടിയാണെടോ ഈ കാണുന്നതൊക്കെ."

ഉസ്താദിന്റെ വാക്കുകൾ കേട്ട് മാമൻ ആ മുഖത്തേക്കു തന്നെ നോക്കിനിന്നു. എത്ര നല്ല മനുഷ്യനാണീ ഉസ്താദ്! കുഞ്ഞുമോന് ഉസ്താദിനോട് അളവറ്റ ആദരവു തോന്നി; മുമ്പുണ്ടായിരുന്നതിനെക്കാൾ എത്രയോ കൂടുതൽ!

# കറുത്ത അടിമയുടെ പ്രാർത്ഥന

ജുനൈദ് വിളയിൽ

മക്കയിൽ കഠിനമായ വരൾച്ച പിടിപെട്ടു. ജനങ്ങൾ വല്ലാതെ വിഷമിച്ചു. ജീവിതം ദുസ്സഹമായി. മഴ ലഭിക്കാനായി എല്ലാവരും മസ്ജിദുൽ ഹറമിൽ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചു. പക്ഷേ, മഴ പെയ്തില്ല. അപ്പോഴാണ് പണ്ഡിതനായ അബ്ദുല്ലാഹിബ്നു മുബാറക്(റ) അടുത്തിരിക്കുന്ന ഒരു കറുത്ത അടിമയെ ശ്രദ്ധിച്ചത്. അടിമ അല്ലാഹുവിലേക്ക് കൈകളുയർത്തി പറഞ്ഞു: “അല്ലാഹുവേ, അവർ നിന്നോട് പ്രാർത്ഥിച്ചു. ഉത്തരം കിട്ടിയില്ല. നീ തന്നെയാണ് സത്യം. ഞങ്ങൾക്ക് മഴ വർഷിപ്പിക്കണേ അല്ലാഹ്.” അൽഭുതം തന്നെ. നിമിഷങ്ങൾക്കകം സമൃദ്ധമായി മഴ പെയ്തു. എല്ലാവരും സന്തോഷത്തിലായി. മഴ കിട്ടിയപ്പോൾ ആ കറുത്ത അടിമ പതുക്കെ ഇറങ്ങി നടന്നു. പണ്ഡിതനായ അബ്ദുല്ലാഹിബ്നു മുബാറക്(റ) അടിമയെ പിന്തുടർന്നു. അടിമ പോയത് ഖബർ കുഴിക്കുന്ന തൊഴിലാളികൾ താമസിക്കുന്ന ഒരു വീട്ടിലേക്കാണ്.

വീട് മനസ്സിലാക്കിയ അദ്ദേഹം സ്വന്തം വീട്ടിലേക്ക് മടങ്ങി. പതിവുപോലെ അടുത്ത ദിവസവും പ്രഭാതമായി. പണ്ഡി

തൻ കുറച്ച് ദിനാറുമായി ഖബർ തൊഴിലാളികൾ താമസിക്കുന്ന വീട്ടിലെത്തി. വാതിലിൽ ഒരു മനുഷ്യൻ നിൽക്കുന്നുണ്ട്.

"ഈ വീടിന്റെ ഉടമസ്ഥനെ ഒന്ന് വിളിക്കുമോ?"

പണ്ഡിതൻ അയാളോട് ചോദിച്ചു.

"ഉടമസ്ഥൻ ഞാൻ തന്നെയാണ്."

അയാൾ മറുപടി നൽകി.

"നിങ്ങളുടെ ഒരടിമയെ എനിക്ക് വിൽക്കുമോ?"

അയാൾ പറഞ്ഞു: "എനിക്ക് പതിനാല് അടിമകളുണ്ട്. നിങ്ങൾക്ക് അവരെ കാണിച്ചു തരാം." എല്ലാവരെയും നോക്കിയെങ്കിലും കഴിഞ്ഞ ദിവസം കണ്ട ആ കറുത്ത അടിമയെ മാത്രം കണ്ടില്ല. പണ്ഡിതൻ ഉടമസ്ഥനോട് ചോദിച്ചു: "നിങ്ങൾക്ക് വേറെ അടിമകളുണ്ടോ?"

"അതേ, രോഗിയായ അടിമ കൂടിയുണ്ട്."

ഉടമസ്ഥൻ രോഗിയായ അടിമയെ പുറത്തു കൊണ്ടുവന്നു. താൻ മസ്ജിദുൽ ഹറമിൽ കണ്ട കറുത്ത അടിമയായിരുന്നു അത്.

"നിങ്ങൾ ഈ അടിമയെ എനിക്കു വിൽക്കുമോ?"

യജമാനൻ സമ്മതം മൂളി. പതിനാല് ദിനാർ നൽകി അടിമയെ വാങ്ങി അബ്ദുല്ലാഹിബ്നു മുബാറക്(റ) വീട്ടിലേക്ക് നടന്നു. യാത്രയിൽ കറുത്ത അടിമ ചോദിച്ചു:


"യജമാനാ.... ഞാൻ ഒരു രോഗിയായിരിക്കെ നിങ്ങളെന്തിനാണ് എന്നെ വാങ്ങിയത്?"

അദ്ദേഹം കണ്ട കാഴ്ചകൾ വിശദീകരിച്ചു വാങ്ങാനുള്ള കാരണം വ്യക്തമാക്കി. ഇതു കേൾക്കേണ്ട താമസം കറുത്ത അടിമ അടുത്തുള്ള മതിലിലേക്കു ചാഞ്ഞു കൊണ്ട് അല്ലാഹുവിനോട് പറഞ്ഞു: "അല്ലാഹുവേ. നീ എന്നെ ജനങ്ങൾക്കിടയിൽ പ്രശസ്തനാക്കരുതേ, എന്റെ ആത്മാവിനെ നിന്നിലേക്കടുപ്പിക്കണേ..." ദുആ ചെയ്തു കഴിഞ്ഞപ്പോഴേക്കും ആ കറുത്ത അടിമ അല്ലാഹുവിന്റെ സവിധത്തിലേക്ക് യാത്രയായി.

CID സൽമാൻ

# സീക്രട്ട് ഫയൽ





അങ്ങനെയങ്ങ്...
.. പോയാലെങ്ങനാ
സാറന്മാരേ....
കുറച്ച് കണക്കുകൾ
...ബാക്കിയില്ലേ... ?
ഠേ!
ഠോ
...അങ്ങനെ -
.. സിംഗപ്പൂര്
പ്രതീക്ഷിച്ചു...
... സെൻട്രൽ
ജയില്...
കിട്ടി !
പിന്നീട് – ക്ലിഫ് ഹൗസ്!
ഇതാ സാർ !
..സാറിന്റെ
ഒറിജിനൽ
സീക്രട്ട്
ഫയൽ!
CHIEF MINIST
ഹെൽത്ത കെയററി
ന്റെ ഓഫീസിൽ
കയറി 'ഒറിജിനൽ'
അടിച്ചു മാററി
പകരം ഞാൻ
കുക്കിംഗ് ക്ലാസ്സി-
ന്റെ ഫയൽ
അവിടെ വച്ചു!!
...ഒരേ പോലുള്ള
പെൻഡ്രൈവ്
ആയതിനാൽ
അവന്മാർക്ക്
സംശയം തോ-
ന്നിയില്ല !!
34


..വർഷങ്ങൾക്ക് മുൻപ്... ഒരു കള്ളക്കടത്ത് കേസിന്റെ ഇൻവെസ്റ്റിഗേഷൻ സ്ക്വാഡിൽ അംഗമായിരുന്ന എന്നെ, അവസാന നിമിഷം ഒഴിവാക്കിയ "മഹാനാ"ണ് ഈ രാജേഷ് പാലക്കട!
... തന്റെ ഒരു അടുത്ത ബന്ധു അകത്താവുമെന്ന് ഉറപ്പായപ്പോഴാണ്... പാലക്കട എന്നെ മാറ്റിയത്!
...അന്നേ ഞാൻ മനസ്സിൽ കരുതിയതാണ്.....
.... പാലക്കടക്കിട്ട് ഒരു പണി കൊടുക്കണമെന്ന് !! ... ഇപ്പോഴാണ് അവസരം ഒത്തുവന്നത്! ഇതാ....
... പാലക്കടയും H.C.I മേധാക്കളും നടത്തിയ ഗൂഢാലോചനയുടെ മുഴുവൻ തെളിവുകളും !!
നന്ദി സൽമാൻ!
...സാറിന് ഓർമയുണ്ടോ... വർഷങ്ങൾക്ക് മുമ്പ് സാർ അഭ്യന്തര മന്ത്രിയായിരിക്കുന്ന സമയത്ത്.... ഒരു വ്യാജമരുന്ന് കേസ്സിൽ ഈ ഹെൽത്ത് കെയർ കമ്പനി പെട്ടിച്ചത്?
..അന്ന് അവർക്ക്.... 500 കോടിയോളം രൂപ നഷ്ടമുണ്ടായി...!! ...അതിനു പകരം വീട്ടാനാണ്..
... അവർ ഈ പദ്ധതി ആസൂത്രണം ചെയ്തത് !!
THANK YOU SALMAN!
..അപ്പോ... ഓക്കെ ചീഫ്!..ഞാൻ വന്ന വഴി തന്നെ മടങ്ങട്ടെ !!


...അങ്ങനെ...തന്റെ ഒരു ദൗത്യം കൂടി വിജയകരമായി പൂർത്തിയാക്കിയ ശേഷം...
ഹോ. ഇവനൊരു **സംഭവം** തന്നെ!
... സി.ഐ.ഡി സൽമാൻ വിദൂരതയിലേക്ക് മറഞ്ഞു.
F/2020
മാസങ്ങൾക്ക് ശേഷം – രാജേഷ് പാലക്കാടയും കൂട്ടരും സെൻട്രൽ ജയിലിൽ –
എടാ കള്ള... **സൽമാനേ !!!** ..നിനക്ക് ഞാൻ **വച്ചിട്ടുണ്ടെടാ!**
**ഹൂ**...ഇയ്യാളെന്തിനാ ജയിലിൽ കിടന്ന് തുള്ളുന്നത്?
...ഇയ്യാള്.... ...എന്തോന്ന്... **വച്ചിട്ടുണ്ടെന്നാ** പറയുന്നത് ???
..വല്ല... **മത്തിക്കറി**യോ മറ്റോ ആയിരിക്കും.!!!!!
THE END

# മുത്ത്നബിയുടെ കൂട്ടുകാരൻ

**'പാ**രിന്റെ കണ്ണാടിയായി വിലസുന്ന പരിശുദ്ധ നാടാണ് മക്ക!'

സൗദി അറേബ്യയുടെ പടിഞ്ഞാറു ഭാഗത്ത് സ്ഥിതി ചെയ്യുന്ന ചരിത്ര നഗരം. ഇസ്‌ലാമിക നാഗരികതക്ക് ജന്മം നൽകിയ അനുഗ്രഹീത മണ്ണ്.

നിഴലിട്ടു നിൽക്കുന്ന തണൽ മരങ്ങൾക്കിടയിൽ ഒരു ചെറിയ കുടിൽ കാണാം.

അബുഖുഹാഫ കെട്ടിയുണ്ടാക്കിയ കുടിലിൽ പ്രിയ പത്നി ഉമ്മുൽ ഖൈർ ദു:ഖ സാന്ദ്രമായ മുഖത്തോടെ ഇരിക്കുകയാണ്.

സന്തോഷങ്ങളും സന്താപങ്ങളുമായി ദിനരാത്രങ്ങൾ ഒരുപാട് കടന്നു പോയി. തങ്ങളുടെ ദാമ്പത്യവല്ലരിയിൽ വിരിഞ്ഞ പൂമൊട്ടുകളെല്ലാം വിടരും മുമ്പേ പൊഴിഞ്ഞു പോയല്ലോ.

അബൂഖുഹാഫയുടെ മനസ്സിലും ദുഃഖം തളം കെട്ടിത്തുടങ്ങിയിരിക്കുന്നു.

എന്നാലും നിരാശയുടെ കരിമുകിൽ നീങ്ങി പ്രതീക്ഷയുടെ ആകാശങ്ങളിൽ കുഞ്ഞു നക്ഷത്രങ്ങളുദിക്കുന്നത് ഉമ്മുൽ ഖൈർ കാത്തിരുന്നു. മനസ്സിലൂടെ ഒരുപാട് ചിന്തകൾ കടന്നു പോയി. 'ഇനിയൊരു ആൺകുഞ്ഞ് പിറന്നാൽ അവന് ഞാൻ അബ്ദുൽ കഅ്ബ (കഅ്ബയുടെ ദാസൻ) എന്നു പേരിടും.'

'കഅബയുടെ രക്ഷിതാവേ, എനിക്കൊരു ആൺകുഞ്ഞിനെ തരണം. അവനു നീ ദീർഘായുസ്സ് നൽകണേ.'

ഇടക്കിടെ ഉമ്മുൽ ഖൈർ ഉള്ളുരുകി കഅ്ബയുടെ നാഥനോട് കരമുയർത്തിക്കേണു. ക

അ്ബയുടെ റബ്ബിൽ ഉമ്മുൽ ഖൈറിന് പെരുത്ത് വിശ്വാസമുണ്ട്. അതിനൊരു വലിയ കാരണവുമുണ്ട്. അബ്റഹത്ത് സ്വൻആഇൽ ഭംഗിയുള്ളൊരു ചർച്ച് നിർമിച്ചു. മക്കയിലേക്ക് വരുന്നവർ ഇനി മുതൽ അങ്ങോട്ടാണ് തീർത്ഥാടനത്തിന് വരേണ്ടതെന്നു കൽപിച്ചു.

പക്ഷേ, അവർ ആരും കഅബയെ വിട്ടു പോയില്ല.

പ്രതികാരദാഹവുമായി ആനപ്പടയുടെ സാന്നിധ്യത്തിൽ മക്കയിലെത്തി. കഅബ തകർക്കാനാണ് വന്നത്.

മക്കക്കാർ നിസ്സഹയനായിരുന്നു. നേതാവായ അബ്ദുൽ മുത്തലിബ് വിളിച്ചു പറഞ്ഞു.

"മക്കക്കാരേ, നിങ്ങൾ മലമുകളിലേക്ക് പോകൂ..."

അബാബീൽ പക്ഷികളുടെ ചുടുകല്ലുകളേറ്റുവാങ്ങി ആ വലിയ സൈന്യം നാമാവശേഷമായി. അന്നു മുതൽ ഉമ്മുൽ ഖൈറിന് കഅബയുടെ നാഥനിൽ വലിയ വിശ്വാസമാണ്.

കാലചക്രം പിന്നെയും കറങ്ങി. ഉമ്മുൽ ഖൈറിപ്പോൾ പൂർ



ആമസോൺ നദീതീരത്തെ ഖനിയിൽ നിന്നും കണ്ടെടുത്ത ഒരു വജ്രം! അതിനു വേണ്ടി രക്തം ചിന്തുന്ന കുറേ മനുഷ്യർ! അവർക്കിടയിലേക്ക് നീതിയുടെ ഖഡ്ഗവുമായി....

CID സൽമാൻ




ണ്ണ ഗർഭിണിയാണ്. ഏറെ നാൾ കഴിഞ്ഞില്ല.

ഉമ്മുൽഖൈർ ഒരു ആൺ കുഞ്ഞിനു ജന്മം നൽകി. പ്രതീക്ഷയോടെ കുട്ടിയെ നോക്കി. സന്തോഷത്തിനതിരുണ്ടായിരുന്നില്ല.

കഅ്ബയുടെ നാഥൻ മനസ്സുരുകിയ ഉമ്മുൽഖൈറിന്റെ ഇരവുകൾ കേട്ടിരിക്കുന്നു. ഉമ്മുൽ ഖൈറിന്റെ സ്വപ്നം പൂവണിഞ്ഞിരിക്കുന്നു. സന്തോഷത്താൽ അവരുടെ മുഖം വിടർന്നു. നാഥനിൽ സ്തുതികളർപ്പിച്ചു. കണ്ണുകളിൽ ആനന്ദക്കണ്ണീർ നിറഞ്ഞു.

'അബ്ദുൽ കഅ്ബ' സ്നേഹത്തോടെ കുട്ടിയുടെ പേരു വിളിച്ച് അവർ നേർച്ച വീട്ടി.

തന്റെ മക്കളിൽ ജീവിക്കാൻ ഭാഗ്യം ലഭിച്ച ആ കുട്ടിക്ക് അവർ മറ്റൊരു പേരും കൂടി നൽകി; അബൂബക്ർ! (തുടരും)

# ചെന്നായ്ക്കളുടെ ബുദ്ധി

**ശരത്ബാബു തച്ചമ്പാറ**

പണ്ടു പണ്ടൊരു കൃഷിക്കാരന് ഒരു നായയുണ്ടായിരുന്നു. കൃഷിക്കാരന്റെ വിശ്വസ്തനായിരുന്നു അവൻ. പക്ഷേ, ഏറെക്കാലം കഴിഞ്ഞപ്പോൾ നായക്ക് പ്രായമാവുകയും കിടപ്പിലാവുകയും ചെയ്തു.

അത് കൃഷിക്കാരന് ഇഷ്ടമായില്ല.

"ഇനി ഈ നായയെക്കൊണ്ട് ഒരു ഗുണവുമുണ്ടാവില്ല. തിന്ന് മുടിക്കാനല്ലാതെ... അതുകൊണ്ട് ഇനി അവന് ഒന്നും തിന്നാൻ കൊടുക്കണ്ട. ഞാനവനെ കൊല്ലാൻ പോകുകയാണ്."

കൃഷിക്കാരൻ ഭാര്യയോട് പറഞ്ഞു.

"ഹേയ്, പ്രായമായതു കൊണ്ടല്ലേ... ഇത്രയും കാലം അവൻ നമ്മെ സേവിച്ച് ഒപ്പം നിന്നവനല്ലേ.. അവനെ അങ്ങനെ കൊല്ലരുതേ..."

ഭാര്യ കർഷകനോട് അഭ്യർത്ഥിച്ചു.

"അതിനെന്താ... അവൻ നമ്മളെ സേവിച്ചിട്ടുണ്ടെങ്കിൽ ആ സമയത്ത് അതിനുള്ള പ്രതിഫലമായി ധാരാളം ഭക്ഷണം നമ്മൾ കൊടുത്തിട്ടുണ്ടല്ലോ. മാത്രമല്ല, പണ്ടത്തെപ്പോലെ അവന് ഒരു ഉശിരുമില്ല. വായിലെ പല്ലാകെ കൊഴിയാൻ തുടങ്ങി. അവന്റെ കുര ഒരാളെയും പേടിപ്പിക്കുന്നില്ല."

കർഷകൻ വീണ്ടും പറഞ്ഞു.

കർഷകനും ഭാര്യയും തമ്മിലുള്ള സംസാരം നായ കേൾക്കുന്നുണ്ടായിരുന്നു.

എത്ര രാത്രികളിൽ ഉറക്കം പോലുമുപേക്ഷിച്ച് തന്റെ യജമാനനു വേണ്ടി കാവൽ നിന്നതാണ്. പ്രായമായി വയ്യാതായപ്പോൾ തന്നെ കൊല്ലാനാണ് യജമാനൻ പദ്ധതി ഇടുന്നത് അ

ല്ലേ.

നായയുടെ കണ്ണുകൾ സങ്കടം കൊണ്ട് നിറഞ്ഞു. നായ തന്റെ കൂട്ടുകാരനായ ചെന്നായയെ കണ്ട് ഈ സങ്കടം പറഞ്ഞു.

“സാരമില്ല. വിഷമിക്കാതിരിക്ക്. യജമാനൻ നിന്നെ ഇനിയും സ്നേഹിക്കാനുള്ള വഴി നമുക്ക് കണ്ടുപിടിക്കാം.”

ബുദ്ധിമാനായ ചെന്നായ നായ്ക്ക് ഒരു ഉപായം പറഞ്ഞുകൊടുത്തു.

അത് നായ്ക്കും ബോധ്യമായി.

“എന്നാൽ അങ്ങനെ. നാളെ കാണാം.”

അവർ യാത്ര പറഞ്ഞ് പിരിഞ്ഞു.

അടുത്തദിവസം പതിവുപോലെ കർഷകനും ഭാര്യയും കൃഷിയിടത്തിലേക്ക് ജോലികൾക്കായി പോയി.

കുഞ്ഞിനെ തണലുള്ള ഒരുഭാഗത്ത് ഒരു തുണിവിരിച്ചു കിടത്തി ഉറക്കാറായിരുന്നു അവരുടെ പതിവ്.

അങ്ങനെ തുണി വിരിച്ചു കിടത്തി. കുറച്ചു സമയം കഴിഞ്ഞു.

തെല്ലപ്പുറത്ത് പൊന്തക്കാട്ടിൽ മറഞ്ഞിരുന്ന ചെന്നായ പെട്ടെന്ന് കുഞ്ഞിനെ വിരിച്ചിരുന്ന തുണിയടക്കം കടിച്ചെടുത്ത് കാട്ടിലേക്ക് ഓടി... കർഷകനും ഭാര്യയും നിലവിളിച്ച് കൊണ്ട് പിന്നാലെയും. പക്ഷേ, അവർക്കുണ്ടോ ചെന്നായയെ പിടിക്കാൻ പറ്റുന്നു.

‘എന്റെ കുഞ്ഞ്.... എന്റെ കുഞ്ഞ്....’

കർഷകനും ഭാര്യയും നെഞ്ചത്തടിച്ച് നിലവിളിച്ചു. ആ കാഴ്ച കണ്ട് നായ



യും കുരച്ചു കൊണ്ട് ചെന്നായയുടെ പിറകെ പാഞ്ഞു.

കുറച്ചു നേരം കഴിഞ്ഞു.

കുഞ്ഞിന്റെ കരച്ചിൽ കേട്ട് കർഷകനും ഭാര്യയും തലയുയർത്തി നോക്കി.

അതാ തങ്ങളുടെ കുഞ്ഞിനെ ഒരു പോറൽ പോലുമേൽപിക്കാതെ തങ്ങളുടെ വളർത്തുനായ തിരിച്ചു കൊണ്ടുവരുന്നു.

അവർ സന്തോഷം കൊണ്ട് തുള്ളിച്ചാടി. കർഷകൻ നായയെ സന്തോഷത്താൽ ചേർത്തുപിടിച്ച് പറഞ്ഞു:

“ഇനി നിന്നെ ഞാൻ പൊന്നുപോലെ നോക്കും. എന്റെ കുഞ്ഞിനെ രക്ഷിച്ചത് നീയാണ്. നീ മരിക്കുന്നതുവരെ നിന്നെ ഞാൻ സംരക്ഷിക്കും.”

നായ്ക്ക് സന്തോഷമായി. താനും തന്റെ സുഹൃത്തായ ചെന്നായയും കൂടി ഒപ്പിച്ച സൂത്രമായിരുന്നു കുഞ്ഞിനെ തട്ടിക്കൊണ്ടുപോകൽ എന്നത് യജമാനന് മനസ്സിലായില്ലല്ലോ എന്നോർത്ത് നായ ഉള്ളാലെ ചിരിച്ചു.




മിസ്റ്റർ മണ്ടപ്പൻ
അപ്പന്മാർ പതിവുപോലെ പകലുറക്കത്തിലാണ്.
ങേ!
അപ്പന്മാരേ ഹറിയപ്പ്!
ഉണർന്നെണീറ്റ വാലപ്പൻ മൊബൈൽ എടുത്തു നോക്കി.
ഏമാന്മമാർ! റിംഗ് ടോൺ ഇങ്ങനെ യാക്കിയോ
കൊച്ചുവെ ളുപ്പാൻ കാല ത്തേ ഏമാൻ മാർ എത്തിയോ
വാലപ്പൻ കാര്യം അവതരിപ്പിച്ചു
ഹോ!
സ്റ്റേഷനി ലോട്ടു ചെല്ലാൻ! സീ ക്രട്ടാണത്രേ


അങ്ങനെ
വെൽക്കം!
അപ്പന്മാർ
ഹെൽപ്പണം
മയക്കു
മരുന്ന് സുലഭമായി
വിതരണം ചെയ്യ
പ്പെടുന്നു. വിവരം
കൺഫേംഡ്
ആരാണ്
പുള്ളികൾ
അതറിയാൻ
സാധിക്കുന്നില്ല. പിടി
ച്ചവന്മാർക്കൊന്നും ഉ
ത്ഭവത്തെപ്പറ്റി ഒന്നുമറി
യില്ല.
ശ്ശോ
നഗരത്തിന്റെ
കിഴക്കുഭാഗമാണ്
എന്ന ചെറിയൊരു
സൂചന കിട്ടി.
അപ്പന്മാർ
ഒന്നു പട്ടണപ്രവേ
ശം ചെയ്യ്! വേണ്ട
തു ചെയ്യ്!
പുലി
വാലായോ


അപ്പന്മാർ വേഷം മാറി നരഗത്തിൽ
ഞാൻ അറിഞ്ഞേട ത്തോളം ഇത് പാരപ്പന്റെ ഏരിയയാണ്!
എങ്കി നമ്മ പെട്ടു അണ്ണേ!
നമുക്ക് ആ ഉയര മുള്ള വാട്ടർ ടാ ങ്കിൽ കയറി ഒന്നു വാച്ചു ചെയ്യാം.
അങ്ങനെ
ഹായ്, ബ്യൂട്ടിഫുൾ!
ദേ, എന്റെ ഫോണില് റെ ഡ് സിഗ്നൽ തെളിയുന്ന ല്ലോ, മച്ചൂ.
അപകടം! പക്ഷേ, എവിടെ! നമ്മൾ പിടിവിട്ട് വീഴുമോ, അണ്ണേ


ദേ ഇങ്ങോട്ടു നോക്കിക്കേ, മച്ചൂ
യാരത് അണ്ണേ
നഗരക്കാഴ്ചകൾ ചിത്രീകരിക്കാൻ വന്ന വല്ല ചാനലുകാരും ആയിരിക്കുമോ, മച്ചൂ
അപ്പന്മാർ കുടുസ്സുമുറിക്ക് പുറത്തുനിന്ന് അകത്തേക്ക് നോക്കി.
ഏതോ ശാസ്ത്രജ്ഞരായിരിക്കുമോ അണ്ണേ,
വാട്ടർ ടാങ്കിനകത്തെ കുടുസുമുറിയിൽ എന്തു പരീക്ഷണം, അണ്ണേ


നല്ല മണം...
മച്ചൂ, ഈ മണം അ സാധാരണമാണല്ലേ?
അതേയതേ, അണ്ണേ
അണ്ണേ, ഇത് മറ്റവനല്ലേ, മയക്കുമരുന്ന്
അതേലോ മച്ചൂ
ഇതായിരിക്കുമോ മയക്കുമരുന്നിന്റെ സോഴ്സ്
ഒരു പക്ഷേ
അപ്പന്മാർ മുറിയ്ക്കകത്ത് പ്രവേശിച്ചു
ഹാൻസപ്പെടാ കള്ളത്തിരുമാലികളേ
യാര്?


ഞങ്ങൾ കുടി വെള്ളത്തിലെ ബാക്ടീരിയ അ
ണുനാശിനി കൊണ്ട് നശിപ്പിക്കാൻ പരീക്ഷണം
നടത്തുന്ന ക്വാളിറ്റി കൺട്രോളർമാരാണേ
പോടാ!
വാലപ്പൻ പെട്ടികൾ തുറന്നു
അണ്ണേ
മയക്കുമരുന്ന്
പൊതികൾ!
ചതിച്ചു!
വിതരണം
ചെയ്യാൻ അ
ല്ലേടാ
പിന്നീട്
മയക്കു
മരുന്നു മാഫിയ
യെ വേരോടെ പി
ഴുതെറിഞ്ഞ അപ്പ
ന്മാർ മാസ്സാണേ
ഹ! ഹ! ഹ!



കുന്നുകളും മലകളും നമ്മുടെ കേരളത്തിൽ ഒത്തിരിയുണ്ടല്ലോ. വിനോദസഞ്ചാരികൾ അധികവും കേരളം സന്ദർശിക്കുന്നത് ഇത്തരം പ്രകൃതി രമണീയമായ കാഴ്ചകൾ കാണാനാണ്. ജീവിതത്തിൽ ഒരിക്കലെങ്കിലും കുന്നും മലയും താണ്ടാത്തവർ വളരെ തുഛമായിരിക്കും. ഡിസംബർ 11 അന്തർദേശീയ പർവ്വത ദിനമാണ്. കൂട്ടുകാരേ, നമ്മുടെ കേരളത്തിലെ ചില സുപ്രധാന മലകളെയും പർവ്വതങ്ങളെയും പരിചയപ്പെട്ടാലോ?

സ്കൂൾ പ്രൊജക്ട്

# കയറാം മലമുകളിലേക്ക്...

ശാമിൽ ചുള്ളിപ്പാറ

## പൊന്മുടി

തിരുവനന്തപുരം ജില്ലയിലെ ഒരു വിനോദസഞ്ചാര മലമ്പ്രദേശമാണ് പൊന്മുടി. പട്ടണത്തിൽ നിന്ന് 61 കിലോമീറ്റർ വടക്ക് കിഴക്കായി സ്ഥിതി ചെയ്യുന്നു. പേപ്പാറ അണക്കെട്ടും വന്യമൃഗസങ്കേതവും ഇതിനടുത്തുണ്ട്. ഈ കുന്നിലെ പ്രദേശവാസികൾ 'കാണിക്കാർ' എന്ന ഗിരിവർഗക്കാരാണ്. 'പൊന്ന് സൂക്ഷിക്കുന്നിടം' എന്ന അർത്ഥത്തിലാണ് പൊന്മുടി എന്ന പേര് ലഭിച്ചത്. സമുദ്രനിരപ്പിൽ നിന്ന് 915 അടി ഉയരത്തിലാണിത്.



പൊന്മുടി

## റാണിപുരം

കാസർക്കോട് ജില്ലയിലെ പനത്തടി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഒരു വിനോദസഞ്ചാര കേന്ദ്രം. കണ്ണിനെയും മനസ്സിനെയും കുളിരണിയിപ്പിക്കുന്ന മലനിരയാണ് റാണിപുരം. സൗന്ദര്യത്തിന്റെ മികവ് കൊണ്ടുതന്നെയാണ് ഈ മലനിര 'കേരളത്തിന്റെ ഊട്ടി' എന്നറിയപ്പെടുന്നത്. സമുദ്രനിരപ്പിൽ നിന്നും 750 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന റാണിപുരത്തേക്ക് കാസർക്കോട്ടിൽ നിന്നും65കിലോമീറ്റർ പിന്നിടണം.



റാണിപുരം

## വൈതൽമല (പൈതൽമല)

കണ്ണൂർ ജില്ലയിലെ മലയും വിനോദസഞ്ചാര കേന്ദ്രവുമാണ് വൈതൽ മല അഥവാ പൈതൽ മല. കടൽനിരപ്പിൽ നിന്ന് 4500 അടി ഉയരത്തിലായി 4124 ഏക്കറിൽ ഈ മലനിര പരന്നുകിടക്കുന്നു. നിബിഢമായ വനമാണ്. മലക്ക് 2കിലോമീറ്റർ വടക്കാണ് കുടക് വനങ്ങൾ.

## തുഷാരഗിരി

തുഷാരഗിരിയിലേക്ക് കോഴിക്കോട് നിന്ന് 50 കിലോമീറ്റർ യാത്ര ചെയ്യണം. കോഴിക്കോട് ജില്ലയിലെ കോടഞ്ചേരിക്ക് സമീപമാണിത്. പക്ഷികളും കാട്ടുമൃഗങ്ങളും അധിവസിക്കുന്ന നിത്യഹരിതവനാന്തരങ്ങളിലൂടെ ട്രിപ്പ് പോകുന്നത് മലയാളികളുടെ ഹോബി കൂടിയാണ് അത്തരത്തിലുള്ളവർക്ക് ആസ്വദിക്കാൻ പറ്റിയ സ്ഥലം കൂടിയാണിത്.


നെല്ലിയാമ്പതി


അമ്പുകുത്തിമല

## അമ്പുകുത്തിമല

കേരളത്തിൽ വിനോദസഞ്ചാരത്തിനും ചരിത്രപഠനങ്ങൾക്കും ഗവേഷണത്തിനുമായി ധാരാളം പേരെത്തുന്ന മലയാണ് അമ്പുകുത്തിമല. നവീനശിലായുഗത്തിലേത് എന്ന് കരുതുന്ന എടക്കൽ ഗുഹയാണ് അമ്പുകുത്തിയുടെ മുഖ്യ ആകർഷണ കേന്ദ്രം.

സുൽത്താൻ ബത്തേരിയിൽ നിന്ന് ആറുകിലോമീറ്റർ തെക്കുകിഴക്കാണ് അമ്പുകുത്തിമല. കേരളത്തിലെ ഗുഹകളുടെ കൂട്ടത്തിൽ ചരിത്ര പ്രാധാന്യമുള്ളതാണ് അമ്പുകുത്തി മലയിലെ എടക്കൽ ഗുഹകൾ.

## ഊരക മല

മലപ്പുറം ജില്ലയിലെ പ്രദേശമായ വേങ്ങരയിൽ സ്ഥിതി ചെയ്യുന്ന ഒരു മലയാണ് ഊരകമല. മലബാർ കലാപകാലത്ത് പോരാളികൾ ഒളിത്താവളമാക്കിയത് ഊരകമലയെയായിരുന്നു. ഇവിടെ നിറയെ കപ്പ കൃഷി ചെയ്യുകയും കപ്പ കയറ്റി അയക്കുകയും ചെയ്തിരുന്നു. അതു കൊണ്ടുതന്നെ അടുത്തുള്ള കയറ്റുമതി കേന്ദ്രം 'പൂളാപ്പീസ്' എന്ന പേരിൽ അറിയപ്പെടുന്നു. കരിങ്കൽ ക്വാറികൾ ഇന്ന് ഈമലയെ ഇല്ലാതാക്കിക്കൊണ്ടിരിക്കുന്നു.

## നെല്ലിയാമ്പതി

തേയില, കാപ്പി എന്നീ കൃഷികളാൽ പ്രസിദ്ധമാണ് നെല്ലിയാമ്പതി. ഇത് പാലക്കാട് ജില്ലയിലെ നെന്മാറ ബ്ലോക്കിൽപ്പെട്ട പ്രദേശമാണ്. നെല്ലിയാമ്പതി മലനിരകളിൽ എറ്റവും ഉയരം കൂടിയ പ്രദേശമാണ് മിന്നാംപാറ.ഇവിടെ വന്യജീവികളെയും വംശനാശഭീഷണി നേരിടുന്ന ജീവികളെയും ധാരാളം കാണാൻ സാധിക്കും.



ഊരകമല


ഫ്രണ്ട്സ്
എന്താ മുസ്താക്കാ ..ചാക്കുമായി ? വാട്ടീസ് ദ പ്രോബ്ളം?
വീട്ടിലേക്കുള്ള അരിയാണെടാ !! ഓട്ടോ റിക്ഷകളൊന്നും കാണുന്നില്ല!! ഇതൊന്ന് വീട്ടിലെത്തിച്ചു തരണം!
ഓക്കെ!
... ഈ ..ചാക്ക് വീട്ടിലെത്തിക്കുന്ന .... കാര്യം ഞങ്ങളേറ്റു!
എടാ..ചാക്കിന്.. ..വല്ലാത്ത ഭാരം!! ..എന്റെ തല.. ..വേദനിക്കുന്നെടാ!!
കുറച്ചു കഴിഞ്ഞ്-
ഹേയ്...സാരമില്ലെടാ... തുടക്കത്തിൽ ഒരു ഭാരമൊക്കെ തോന്നുമെങ്കിലും..കുറച്ചു കഴിഞ്ഞാൽ ശരിയാവും!
..ശര്യാ!! ഇപ്പോ വലിയ ഭാരമൊന്നും തോന്നുന്നില്ല!!


ഹായ്! എനിക്ക് സ്റ്റാമിന കൂടിയെന്നാ തോന്നുന്നത്!
..ചാക്കിന് ഇപ്പോ... ...ഭാരമേ... ഇല്ലാ!!
?!
ഫൂ!! അവന്റെയൊരു സ്റ്റാമിന!!
കെട്ടഴിഞ്ഞ് അരി മുഴുവനും.... ഊർന്നു പോയതാടാ മണ്ടാ!!
പടച്ചോനേ!! ...മൂസാക്കയുടെ മുഖത്ത് ഇനി ഞാങ്ങനെ നോക്കും!
..നോ പ്രോബ്ലം!
മാഡംoooo! ഇത് ഇവിടെ... ഏൽപ്പിക്കാനായിട്ട് നിങ്ങൾടെ ഹസ്ബന്റ് തന്നയച്ചതാ!!
ങ്ങേ? കാലി - ച്ചാക്കോ? അങ്ങേർക്ക് വട്ടായോടാ?
പിന്നീട് –
ഹൊടാ... മൂസാക്ക വലിയൊരു.. വടിയുമായി ഇങ്ങോട്ട്.. വരുന്നുണ്ട്!! ഓ..ടി..ക്കോ!!
ങ്ങേ?? അയാളെന്തിനാ.... അടിക്കാൻ വരുന്നത്?? ...പറഞ്ഞ പോലെ ഞങ്ങൾ ചെയ്തില്ലേ!!
..ചാക്ക് വീട്ടിലെത്തിച്ചു... ...കൊടുക്കാമെന്ന്... ...പറഞ്ഞു..
...നല്ല... ക്ലീനായി.. ..എത്തിച്ചു കൊടുത്തു.......... പിന്നെന്താാാ?
F/2020

## പ്രകൃതിനാട്ടിലെ സുകൃതിക്കുട്ടന്മാർ

# പോക്കുവിന്റെ മീൻകണക്ക്

**ക**ണ്ടില്ലേ, വീരശൂര പരാക്രമിയായ പോക്കുവിനെ? തന്റെ കഥകൾ കേട്ട് കള്ളച്ചിരിയുമായങ്ങനെ ഇരിക്കുകയാണവൻ. വികൃതിക്കഥകൾ മാത്രമല്ല കേട്ടോ പോക്കുവിനെക്കുറിച്ച് പറയാനുള്ളത്. നല്ല കഥകളുമുണ്ട് ധാരാളം.

വൈകുന്നേരം സ്കൂൾ വിട്ടാൽ വീട്ടിലെത്താൻ പോക്കുവിന് ധൃതിയാണ്. വീട്ടിലെത്തിയാൽ പുസ്തകമെല്ലാം ഒരിടത്തുവെച്ച്, നല്ല ഉടുപ്പുകളഴിച്ചുവെച്ച്, പഴയ ഒരു ട്രൗസറും കുപ്പായവുമിട്ട് പോക്കു വീട്ടിൽ നിന്നിറങ്ങും. അപ്പോൾ അവന്റെ കണ്ണ് നിലത്തായിരിക്കില്ല, മരത്തിനു മുകളിലായിരിക്കും. ഇലകളുള്ള തേക്കു മരവും ഉപ്പൂത്തി മരവുമൊക്കെ അവൻ നേരത്തെ കണ്ടു വെച്ചിരിക്കും, ഇല പറിച്ചെടുക്കാനാണ്.

അതെന്തിനാണെന്നോ, പോക്കുവിന്റെ ബാപ്പ മീൻ ക

ച്ചവടക്കാരനാണ്. മൂപ്പര് രാവി ലെത്തന്നെ സൈക്കളുമായി കടപ്പുറത്തേക്കു പോകും, മീൻ വാങ്ങിക്കൊണ്ടു വരാൻ. പത്തിരുപതു നാഴിക ദൂരമുണ്ട് കടപ്പുറത്തേക്ക്. അത്രയും ദൂരം സൈക്കൾ ചവിട്ടി കടപ്പുറത്തെത്തി തോണിക്കാരെ കാത്തിരിക്കും. തോണി നിറയെ പിടയ്ക്കുന്ന



മീനുകളുമായി മുക്കുവന്മാർ കടലിൽനിന്നു കരയിലെത്തും.

അപ്പോൾ തന്നെ ആ മീനൊക്കെയും വാങ്ങിക്കൊണ്ടു

പോകാൻ മീൻകച്ചവടക്കാർ നിരന്നു നിൽക്കുന്നുണ്ടാവും. നല്ല മീൻ കിട്ടണം. അതു തന്നെ വില കുറച്ചു കിട്ടണം. ഓരോ തോണിയും കരയ്ക്കടുക്കുമ്പോൾ എല്ലാവരും കൂടി അങ്ങോട്ടോടും. വില പറയലും പേശലും - അതിനിടയിൽ വഴക്കും വക്കാണവുമൊക്കെയുണ്ടാവും. ഇങ്ങനെ മറ്റു കച്ചവടക്കാരോട് മത്സരിച്ചു വേണം മീൻ വാങ്ങി കുട്ട നിറയ്ക്കാൻ.

പിന്നെ ആ മീൻകുട്ട സൈക്കിളിനു പിന്നിലെ കാരിയറിൽ വെച്ചു കെട്ടി ഒരു വരവാണു നാട്ടിലേക്ക്. വേറെയും കച്ചവടക്കാരുണ്ടല്ലോ നാട്ടിൽ. എനിക്കെനിക്ക് ആദ്യമെത്തണം എന്ന വാശിയിൽ എവിടെയും നിർത്താതെ, വെള്ളം പോലും കുടിക്കാതെ ആഞ്ഞുചവിട്ടി കുതിക്കുകയായിരിക്കും മീൻ സൈക്കിളുകൾ.

നാലുമണി കഴിഞ്ഞാൽ ആളുകൾ ഈ മീൻ സൈക്കളുകളുടെ വരവിന്നായി അങ്ങാടിയിൽ കാത്തുനിൽക്കുന്നുണ്ടാവും. ആ വരവ് ഒന്നു കാണേണ്ടതു തന്നെയാണ്.

ഞങ്ങൾ കുട്ടികളും ആ കാഴ്ച കാണാൻ റോഡരികിൽ വന്നു നിൽക്കാറുണ്ടായിരുന്നല്ലോ. വലിയ കൊമ്പൻ സ്രാവും തിരണ്ടിയുമൊക്കെ കുട്ടയിൽ നിന്നു തലയുയർത്തി നിൽക്കുന്നുണ്ടാവും. ഓരോ സൈക്കളും കുതിച്ചു വന്ന് ചന്തയിൽ സഡൻ ബ്രേക്കിടും. ഓരോ മീൻകാരനുമുണ്ടാകും അങ്ങാടിയിൽ കുറെ സഹായികൾ. അവർ 'ഹോയ്... ഹായ്... കൂയ്... ' എന്നൊക്കെ ഉറക്കെ വിളിച്ച് സൈക്കളിനു ചുറ്റും ഓടിക്കൂടും. നിമിഷങ്ങൾക്കകം മീൻകുട്ട താഴെയിറക്കി, നേരത്തെ ഒരുക്കിവെച്ച പലകകളിൽ മീൻ നിരത്തി വെക്കും. മത്തിയും അയലയും ചെമ്മീനും നെത്തോലിയും ആവോലിയും പലവകയുമൊക്കെ അപ്പോൾ തന്നെ വിൽപന തുടങ്ങും. വലിയ ഏട്ടയും സ്രാവും തിരണ്ടിയുമൊക്കെ വെട്ടുകത്തി കൊണ്ടു മുറിച്ചാണു വിൽക്കുക. ആകെക്കൂടി ബഹളമായിരിക്കും.

പോക്കുവിന്റെ കഥ പറഞ്ഞ് വഴി മാറിയോ എന്നു വിചാരിക്കുന്നുണ്ടാവും അല്ലേ? വഴിമാറിയിട്ടൊന്നുമില്ല. പറഞ്ഞല്ലോ, പോക്കുവിന്റെ ബാപ്പ മീൻകച്ചവടക്കാരനായിരുന്നെന്ന്. അങ്ങാടിയിലെ എണ്ണം പറഞ്ഞ കച്ചവടക്കാരനാണയാൾ. അതുകൊണ്ടു തന്നെ നാലുമണി കഴിഞ്ഞാൽ അങ്ങാടിയിലും പോക്കു ഹീറോ തന്നെയാ



ണ്.

മീൻ പൊതിഞ്ഞു കൊടുക്കാൻ ഇലകൾ വേണം; നല്ല വലുപ്പമുള്ള ഇലകൾ. ഓരോ ദിവസവും മീൻ പൊതിഞ്ഞു കൊടുക്കാനുള്ള ഇല സമയത്തിന് എത്തിക്കേണ്ട ചുമതല പോക്കുവിനാണ്. അതു ശേഖരിക്കാനാണവൻ തേക്കുമരവും ഉപ്പൂത്തി മരവുമൊക്കെ കണ്ടു വെക്കുന്നത്. മരത്തിനു ചുവട്ടിലെത്തി ഒന്നു മേലോട്ടു നോക്കും. പിന്നെ നിമിഷങ്ങൾക്കകം അവൻ മരത്തിനു മുകളിലെത്തിയിട്ടുണ്ടാവും. ആവശ്യത്തിന് ഇലകൾ വെട്ടി താഴെയിട്ടേ ഇറങ്ങുകയുള്ളൂ. ഇറങ്ങിയാൽ അത് അടർത്തി അട്ടിയട്ടിയായി വെച്ച് വലിയ കെട്ടുകളാക്കുന്ന പണിയൊക്കെ വേഗം കഴിയും.

പൊതികെട്ടാൻ നാരും വേണം. പനമട്ടലും തെങ്ങോലക്കണ്ണികളും പാന്തവുമൊക്കെയാണ് നാരിന്നായി ഉപയോഗിക്കുക. ഒരാഴ്ചത്തേക്ക് ആവശ്യമായ നാര് സ്കൂൾ ഒഴിവുദിവസങ്ങളിൽ തയ്യാറാക്കി വെച്ചിട്ടുണ്ടാവും. എല്ലാം റെഡിയാക്കി തലയിൽ വെച്ച് പോക്കു അങ്ങാടിയിലേക്കോടും. ബാപ്പ മീനുമായെത്തുന്നതിനു മുമ്പ് അങ്ങാടിയിലെത്തണമല്ലോ.

പിന്നെ മീൻകാരോടൊപ്പമായിരിക്കും രാത്രി വൈകും വരെ. കൊണ്ടുവന്ന മീൻ മുഴുവൻ വിറ്റു കഴിഞ്ഞേ കച്ചവടം നിർത്തുകയുള്ളൂ. ഓരോ ദിവസവും കൊണ്ടുവരുന്ന മീൻ അന്നന്നു തന്നെ വിറ്റു തീർക്കണം. അടുത്ത ദിവസത്തേക്കു സൂക്ഷിക്കുന്ന പതിവുണ്ടായിരുന്നില്ല. അതുകൊണ്ട് സന്ധ്യയായാൽ മീൻ വില കുറച്ചു വിൽക്കും. ചില വിരുതന്മാർ നേരത്തെ മീൻ വാങ്ങാതെ ഈ സമയത്തിന്നായി കാത്തിരിക്കുന്നുണ്ടാവും. അവരെല്ലാം ഓടിക്കൂടി കുറഞ്ഞവിലയ്ക്ക് കൂടുതൽ മീനുമായി സന്തോഷത്തോടെ പോകുന്നതു കാണാം. ചില ദിവസങ്ങളിൽ ഇത്തരക്കാർക്ക് അക്കിടി പറ്റാറുമുണ്ട്. മീൻ നേരത്തെ തീർന്നു പോയാലാണ് അക്കിടി പറ്റുക. ഇങ്ങനെ വേഗം തീർന്നു പോകുമെന്നു കണ്ടാൽ മീൻകാർ ചിലപ്പോൾ വില കൂട്ടും. അ

പ്പോൾ അധിക വിലയ്ക്ക് മീൻ വാങ്ങേണ്ടിയും വരും.

ഇങ്ങനെ മീൻകച്ചവടവുമായി ബന്ധപ്പെട്ട പല തന്ത്രങ്ങളുമുണ്ട്. എല്ലാം പോക്കു ചെവിയിൽ പറഞ്ഞുതന്നതാണു കെട്ടോ! ചില ദിവസങ്ങളിൽ എത്ര ആദായത്തിൽ കൊടുത്താലും മീൻ പിന്നെയുമുണ്ടാവും കുട്ടയിൽ. അത് കുറെ പൊതികളാക്കി ബാപ്പ പോക്കുവിനോടു പറയും: "ആർക്കെങ്കിലും കൊണ്ടുപോയി കൊടുക്കെടോ."

പോക്കുവിനു വളരെ സന്തോഷമുള്ള കാര്യമാണത്. മറ്റുള്ളവരെ സഹായിക്കുന്നത് പോക്കുവിന് ഏറെ ഇഷ്ടമുള്ള കാര്യമാണല്ലോ. ചെറിയൊരു കുട്ടയിൽ മീൻപൊതികൾ എടുത്തുവെച്ച് പോക്കു ഇടവഴിയിലേക്കിറങ്ങും. പരിചയമുള്ള കുറെ പാവങ്ങളുടെ വീടുണ്ട്. മീൻപൊതി ഓരോന്നായി അവർക്കു കൊടുക്കും. ചിലപ്പോൾ ഇഷ്ടപ്പെട്ട കൂട്ടുകാരുടെ വീട്ടിലും എത്തിച്ചു കൊടുക്കും. അങ്ങനെ പോക്കുവിന്റെ സൗജന്യമീൻപൊതി പലപ്പോഴും എന്റെയും ചേക്കുവിന്റെയുമൊക്കെ വീട്ടിലുമെത്താറുണ്ടായിരുന്നു.

കച്ചവടമൊക്കെ കഴിഞ്ഞ് ബാപ്പയോടൊപ്പം വീട്ടിൽ ചെന്നു കുളിച്ചു വൃത്തിയാകുമ്പോഴേക്കും നേരം പത്തുമണി കഴിഞ്ഞിട്ടുണ്ടാവും. പിന്നെ പോക്കുവിനു പഠിക്കുവാനെവിടെ സമയം! ഹോംവർക്കൊന്നും ചെയ്തിട്ടുണ്ടാവില്ല. രാവിലെ ഏഴു മണിക്കു മദ്റസയിലെത്തേണ്ടതാണല്ലോ. സ്കൂളിൽ ഫസ്റ്റ് ബെല്ലടിക്കുന്നതിനു മുമ്പ് ക്ലാസിലിരുന്ന് ഹോംവർക്ക് കോപ്പിയടിക്കാറാണു പതിവ്. പോക്കുവിന് വർക്കുബുക്ക് കാണിച്ചുകൊടുക്കാൻ എല്ലാവരും തയ്യാറായിരുന്നല്ലോ. 'ഹോംവർക്ക് ചെയ്തിട്ടില്ലെടോ' എന്നു പോക്കു വിഷമത്തോടെ പറഞ്ഞാൽ എല്ലാവർക്കും സങ്കടമാണ്. സഹതാപത്തോടെ അവനെ നോക്കും. അവനു തല്ലു കൊള്ളുന്നത് അധികമാർക്കും ഇഷ്ടമല്ല. അതുകൊണ്ട് മെല്ലെ വർക്കുബുക്ക് നിവർത്തി വെച്ചുകൊടുക്കും. ദാന്നു പറയുമ്പോഴേക്കും പോക്കു അത് ത

ന്റെ വർക്കുബുക്കിലേക്ക് പകർത്തും. കാണിച്ചു കൊടുത്തവനു തെറ്റുപറ്റിയാലേ പോക്കുവിനു തെറ്റുപറ്റൂ.

കണക്കുടീച്ചർ എന്നും ക്ലാസിൽ വരുക നല്ലൊരു വടിയുമായിട്ടാണ്. വന്നാൽ ആരെയെങ്കിലും രണ്ടു വീക്കു വീക്കണം. എന്നാലേ ടീച്ചർക്കു സമാധാനമാവൂ. അധികവും അതിനു പോക്കുവിനെത്തന്നെയാണു ടീച്ചർ കണ്ടെത്തുക. ഇടയ്ക്കിടെ പോക്കുവിനോടു ചോദ്യങ്ങൾ ചോദിക്കും. മനസ്സിൽ കൂട്ടിപ്പറയാൻ പോക്കുവിന് ഒരു പ്രയാസവുമുണ്ടായിരുന്നില്ല. എന്നാൽ എഴുതിക്കൂട്ടുകയും ഗുണിക്കുകയും കിഴിക്കുകയുമൊക്കെ ചെയ്യുമ്പോൾ തെറ്റും.

ഒരു ദിവസം ഹോംവർക്ക് ചെയ്തത് തെറ്റി എന്നു പറഞ്ഞ് ടീച്ചർ പോക്കുവിനെ തല്ലി. എന്നിട്ട് ചോദിച്ചു: "പത്തിനോട് ഏഴുകൂട്ടി മൂന്നുകൊണ്ടു ഗുണിച്ചാലെത്ര കിട്ടുമെടാ?" പോക്കു നിമിഷങ്ങൾക്കുള്ളിൽ മനസ്സിൽ കണക്കു കൂട്ടി പറഞ്ഞു: "അൻപത്തൊന്ന്." ടീച്ചർ അത്ഭുതപ്പെട്ടുപോയി. ഇത്ര പെട്ടെന്ന് ഇവനെങ്ങനെ മനക്കണക്കു കൂട്ടുന്നു! ടീച്ചർ പിന്നെയും പല കണക്കുകളും അവനോടു ചോദിച്ചു. എല്ലാറ്റിനും അവൻ നൽകിയ ഉത്തരം ശരി. ക്ലാസിലെ മിടുമിടുക്കന്മാർക്കു പോലും ഇത്ര പെട്ടെന്ന് കൂട്ടാനും ഗുണിക്കാനും കഴിയുമായിരുന്നില്ല.

"ഇതൊക്കെ നീയെങ്ങനെ പഠിച്ചെടാ?" ടീച്ചർ അത്ഭുതത്തോടെ ചോദിച്ചുപോയി.

"മീൻകണക്കു കൂട്ടി പഠിച്ചതാ ടീച്ചറേ." പോക്കു ശാന്തനായി മറുപടി പറഞ്ഞപ്പോൾ ടീച്ചർക്കു മനസ്സിലായി; ഈ പോക്കു അത്ര മോശമൊന്നുമല്ലെന്ന്. പിന്നെയൊരിക്കലും ടീച്ചർ പോക്കുവിനെ അടിച്ചിരുന്നില്ല.

അന്നാണ് പോക്കു ആ രഹസ്യവും ഞങ്ങളോടു പറഞ്ഞത്; ബാപ്പയുടെ മീൻകണക്ക് മുഴുവൻ കൈകാര്യം ചെയ്യുന്നത് താനാണെന്ന്. കിട്ടാനുള്ളതും കൊടുക്കാനുള്ളതും കൈയിലുള്ളതുമൊക്കെ പോക്കുവിനു കൃത്യമായറിയാം. നല്ലൊരു ബുദ്ധിമാൻ തന്നെ! (തുടരും)

ചരിത്ര പ്രതിഭകൾ

# സുൽത്താൻ സ്വലാഹുദ്ദീൻ അയ്യൂബി

ജുനൈദ് വിളയിൽ

**ലോ**കം കണ്ട എക്കാലത്തെയും പ്രഗൽഭരായ ഭരണാധികാരികളിൽ ഒരാളാണ് സുൽത്താൻ സ്വലാഹുദ്ദീൻ അയ്യൂബി.മുസ്‌ലിംകളുടെ പുണ്യഭൂമിയായ ഖുദ്സിന്റെ വിമോചകൻ എന്ന പേരിലാണ് അദ്ദേഹം അറിയപ്പെടുന്നത്. കുരിശു യുദ്ധം എന്ന പേരിൽ ദീർഘകാലം തുടർന്ന അക്രമാസക്തമായ പോരാട്ടങ്ങൾക്കൊടുവിൽ മുസ്‌ലിം ഉമ്മത്തിന്റെ വിജയക്കൊടി പാറിച്ച അദ്ദേഹത്തിന്റെ ജീവിതവും വ്യക്തിപ്രഭാവവും മഹത്തരമായിരുന്നു.

എഡി 1139 ഹിജ്റ 532 ലാണ് സ്വലാഹുദ്ദീൻ അയ്യൂബി ജനിച്ചത്. ഇറാഖിലെ ടൈഗ്രിസ് നദിക്ക് സമീപത്തെ തിക്റീത് പട്ടണമാണ് ജന്മസ്ഥലം. പിതാവായ അയ്യൂബ് ബ്നു ശാദി അക്കാലത്ത് മൊസൂളിലെ ഗവർണറും ജനപ്രിയനുമായിരുന്നു.

ഭരണകൂടത്തോടുള്ള അദ്ദേഹത്തിന്റെ അടുപ്പം സലാഹുദ്ദീന് അത്തരം മേഖലകളിൽ പ്രാവീണ്യം നേടാൻ സഹായകമായി.

## ഖുദ്സിന്റെ നായകൻ

മുസ്ലിം സമൂഹത്തിന്റെ പ്രധാനപ്പെട്ട മൂന്ന് പുണ്യസ്ഥലങ്ങളിലൊന്നാണ് ഖുദ്സ്. ഇസ്ലാമിക ചരിത്രത്തിൽ ഈ പ്രദേശത്തിനു വലിയ പ്രാധാന്യമുണ്ട്.

മുസ്ലിംകൾ കനത്ത വെല്ലുവിളികൾ നേരിടേണ്ടി വന്ന സാഹചര്യത്തിൽ രംഗത്തു വന്ന ശക്തനായ നായകനാണ് സുൽത്താൻ സലാഹുദ്ദീൻ അയ്യൂബി. ഒട്ടനവധി രക്തരൂക്ഷിത പോരാട്ടങ്ങൾക്കൊടുവിൽ സുൽത്താൻ സ്വലാഹുദ്ദീൻ ഖുദ്സിനെ മോചിപ്പിച്ചു. ഹിത്തീൻ എന്ന പേരിലറിയപ്പെട്ട ഈ യുദ്ധത്തിൽ സലാഹുദ്ദീന്റെ സൈന്യം മികച്ച വിജയം നേടുകയും ക്രിസ്ത്യൻ സൈന്യം കനത്ത തിരിച്ചടി നേരിടുകയും ചെയ്തു.

## ദയാലുവായ ഭരണാധികാരി

ലോകം കണ്ട മികച്ച സൈന്യാധിപനും യുദ്ധതന്ത്രജ്ഞനും എന്നതിനപ്പുറം നീതിബോധത്തിന്റെയും സ്നേഹവാത്സല്യത്തിന്റെയും ഉദാത്ത മാതൃകയായാണ് അദ്ദേഹം ചരിത്രത്തിൽ അറിയപ്പെടുന്നത്. തന്റെ അധികാരമുപയോഗിച്ച് ശത്രുപക്ഷത്തെ പ്രതികളെ കഠിനമായി ശിക്ഷിക്കാമായിരുന്നു.

എന്നാൽ അദ്ദേഹം അതിന് മുതിർന്നില്ല. കാരുണ്യവും സമാധാനവും മുഖമുദ്രയാക്കിയ അദ്ദേഹത്തിന്റെ ദയാവായ്പും മഹാമനസ്കതയും യൂറോപ്പിനെ ഒന്നടങ്കം ആശ്ചര്യപ്പെടുത്തുന്നതായിരുന്നു.

കുരിശ് യുദ്ധങ്ങളിൽ പിടിക്കപ്പെട്ട ശത്രുസൈന്യങ്ങളെ അവരുടെ നാടുകളിലേക്ക് പോകാൻ അനുവദിക്കുകയും ആവശ്യമായസഹായം ചെയ്തു നൽകുകയും ചെയ്തു. യുദ്ധകാലങ്ങളിലും തന്റെ സമൂഹത്തിലെ പാവപ്പെട്ടവർക്കും ദുർബല വിഭാഗങ്ങൾക്കും അദ്ദേഹം എല്ലാ സഹായങ്ങളും ഉറപ്പാക്കി. വൃദ്ധർക്കും സ്ത്രീകൾക്കും കുട്ടികൾക്കും ആദരവും ആശ്വാസവും നൽകി.

**ആത്മീയ പ്രഭാവം**

ഭരണകേന്ദ്രത്തിൽ ഇരിക്കുമ്പോഴും യുദ്ധനായകനായിരുന്നിട്ടും മതത്തിന്റെ എല്ലാ കർമ്മങ്ങളിലും അദ്ദേഹം കണിശത പുലർത്തിയിരുന്നു. അഹ്ലുസ്സുന്നയുടെ ആദർശങ്ങൾക്ക് വിരുദ്ധമായ നയം സ്വീകരിച്ച പുത്തൻവാദികൾക്കെതിരെ അദ്ദേഹം ശക്തമായ നിലപാടുകൾ സ്വീകരിച്ചു. ശൈഖ് മുഹ്യിദ്ദീൻ ജീലാനി തങ്ങളുടെ ഖാദിരിയ്യ ത്വരീഖത്തിലെ അംഗമായിരുന്നു അദ്ദേഹം. ആത്മീയ നേതാക്കളോടും പണ്ഡിതന്മാരോടും അടുപ്പം കാണിച്ച അദ്ദേഹം അവരോട് നല്ല ബന്ധം പുലർത്തിയിരുന്നു.

1293 മാർച്ച് നാലിന് ഈ ധീരനായകൻ ലോകത്തോട് വിടപറഞ്ഞു. ഡമസ്കസിലെ ഉമയ്യദ് പള്ളിയിലാണ് അദ്ദേഹത്തിന്റെ ദർഗ സ്ഥിതിചെയ്യുന്നത്.ഡമാസ്കസിലെ പ്രധാന സന്ദർശന കേന്ദ്രങ്ങളിലൊന്നാണ് ഇവിടം.

പ്രൊഫസർ ബട്ടൂരയുടെ

# ന്യൂസിലാന്റ് വിശേഷങ്ങൾ

ലോകത്തിലെ ഏറ്റവും ചെറിയ പേരുള്ള സ്ഥലം നോർവെയിലാണുള്ളത്. എ എന്നാണ് ഈ സ്ഥലത്തിന്റെ പേര്. ഇതേ പേരിൽ ഡെൻമാർക്കിലും സ്വീഡനിലും സ്ഥലങ്ങളുണ്ട്.




എന്നാൽ ലോകത്തെ ഏറ്റവും വലിയ പേരുള്ള സ്ഥലം എവിടെയാണുള്ളതെന്നറിയാമോ കൂട്ടുകാരേ, അത് നമ്മുടെ ന്യൂസിലാന്റിലാണ്.




എൺപത്തിയഞ്ച് അക്ഷരങ്ങളുള്ള ഈ പേര് എഴുതാനും വായിക്കാനും വളരെ ബുദ്ധിമുട്ടാണ്. എങ്കിലെന്താ... ലോകത്തിലെ ഏറ്റവും വലിയ പേരുള്ള സ്ഥലം എന്ന റിക്കാർഡുമായി ഗിന്നസ് ബുക്കിൽ കയറിപ്പറ്റാൻ ഈ കൊച്ചുഗ്രാമത്തിന് സാധിച്ചു.


# കളിക്കളം

## വ്യത്യാസം കണ്ടുപിടിക്കൂ...




**ചിത്രം എയും ബിയും തമ്മിലുള്ള 5 വ്യത്യാസങ്ങൾ കണ്ടെത്തൂ...**

ചിന്നുവിന് തേൻനുകരാൻ
പൂക്കളെയരികിലെത്തണം.
വഴികാണിച്ചുകൊടുക്കാമോ



ഇളം തെന്നൽ / യഅ്ഖൂബ് പൈലിപ്പുറം

# ആസിഫിന്റെ പരീക്ഷണം

ഉപ്പയും ഉമ്മയും ഇത്താത്തയും അനുജത്തിയും ആസിഫിനു മുന്നിൽ കുട്ടികളെപ്പോലെ ഇരിക്കുകയാണ്. ഓൺലൈൻ ക്ലാസ്സൊക്കെക്കഴിഞ്ഞ് വൈകുന്നേരമായാൽ എല്ലാവരും മുറ്റത്തെ വരിക്കപ്ലാവിന്റെ ചുറ്റുമുള്ള തറയിൽ വന്നിരുന്ന് കഥയും പാട്ടുമൊക്കെയാണ്. ഇന്ന് ആസിഫാണ് ലീഡർ.

"ഇന്ന് ഞാൻ ഒരു പ്രവർത്തനത്തിലൂടെ വലിയൊരു അറിവ് നൽകാൻ പോവുകയാണ്."

ഒരു ബക്കറ്റ് കൊണ്ടുവന്ന് മുന്നിൽ വെച്ച് ആസിഫ് ആദ്യം തന്നെ ഒരധ്യാപകന്റെ സ്വരത്തിൽ എല്ലാവരോടുമായി പറഞ്ഞു.

അലിമാഷെ അനുകരിച്ച് പല കഥകളും അവൻ വീട്ടിൽ പറയാറുണ്ട്.

"ഇത്താത്താ കുറച്ച് വലിയകല്ലിൻ കഷ്ണങ്ങൾ കൊണ്ടുവന്ന് ഈ ബക്കറ്റ് പൂർണ്ണമായും നിറയ്ക്കൂ." അവൻ ഡിഗ്രിക്ക് പഠിക്കുന്ന മൂത്ത ഇത്താത്തയോടായി പറഞ്ഞു.

ഇവനിതെന്താണ് കാണിക്കാൻ പോകുന്നത് എന്നും പറഞ്ഞ് ചിരിച്ചുകൊണ്ട് ഇത്താത്ത ചുറ്റുവട്ടത്തു നിന്നും കുറേ കല്ലുകൾ പെറുക്കി ബക്കറ്റിൽ നിറച്ചു.

"ബക്കറ്റ് നിറഞ്ഞോ ഇത്താത്താ?"

"നിറഞ്ഞെടാ, ഇനി അതിൽ ഒരു കല്ലുപോലും കൊള്ളൂല."

"ഓക്കെ, ഇത്താത്ത അവിടെ ഇരിക്കൂ... ഇനി സനുവിന്റെ

പെട്ടിയിൽ മാല കോർക്കാനുള്ള മുത്തുകളും മഞ്ചാടിമണികളും വളപ്പൊട്ടുമൊക്കെയില്ലേ, അത് മുഴുവൻ കൊണ്ടുവന്ന് ഇതിൽ ഇട്ടു നോക്കൂ.'' അവൻ അനുജത്തിയോട് പറഞ്ഞു.

അവൾ ഒറ്റ ഓട്ടത്തിന് അകത്തു പോയി ഒരു പെട്ടിയുമായി തിരിച്ചുവന്നു. ആസിഫ് അവളോട് തന്നെ അത് ബക്കറ്റിലേക്ക് ഇടാൻ പറഞ്ഞു. അവൾ ശ്രദ്ധയോടെ കല്ലുകൾക്കിടയിലൂടെ ആ മുത്തുകളും മറ്റും ബക്കറ്റിലേക്ക് ഇട്ടു.

''ഇപ്പൊഴോ...? നേരത്തെ ഇത്താത്ത നിറഞ്ഞു എന്ന് പറഞ്ഞ ബക്കറ്റല്ലേ ഇത്...?'' ആസിഫ് പറഞ്ഞപ്പോൾ ഉപ്പയും ഉമ്മയും ഒന്നിച്ചു പറഞ്ഞു: "അതു ശരിയാ..."

ബാക്കി വിടവിലൂടെ കുറച്ച് മണിക്കല്ലുകൾകൂടി ഇട്ട് അവൻ വീണ്ടും എല്ലാവരോടുമായി



ചോദിച്ചു: "ബക്കറ്റ് ഇപ്പോൾ നിറഞ്ഞില്ലേ?"

എല്ലാവരും തലയാട്ടി. അപ്പോൾ അവൻ ഉപ്പയോട് പറഞ്ഞു:

"ഉപ്പച്ചി ആ മൂലയിൽ കൂട്ടിയിട്ടിരിക്കുന്ന മണൽ കുറച്ച് വാരിയെടുത്ത് ഈ ബക്കറ്റിലേക്ക് ഇടൂ."

ഉപ്പയ്ക്ക് കാര്യം ഏതാണ്ട് മനസ്സിലായി. എണീറ്റു പോയി മണൽവാരി ബക്കറ്റിലേക്ക് ഇട്ടുകൊണ്ടിരുന്നു. അത് കല്ലുകൾക്കും മുത്തുമണികൾക്കുമിടയിലൂടെ ഊർന്നിറങ്ങി ബക്കറ്റു നിറച്ചു.

"ഇനിയീ ബക്കറ്റിൽ എന്തിനെങ്കിലും സ്പേസ് ഉണ്ടോ?"

"ഉണ്ട്, ഞാൻ കാണിക്കാം."

ഇങ്ങനെ പറഞ്ഞ് ഉമ്മ എണീറ്റു പോയി പൈപ്പിൽ നിന്ന് ഒരു കപ്പിൽ വെള്ളമെടുത്ത് ആ ബക്കറ്റിൽ പതിയെ ഒഴിച്ചു.

കല്ലുകൾക്കും മുത്തുകൾക്കും മണലിനും ഇടയിലൂടെ വെള്ളം ബക്കറ്റിലേക്ക് ആഴ്ന്നുപോയി. ഇതു കണ്ട് ഉപ്പയും ഇത്താത്തയും അനുജത്തിയും ആസിഫും ഒന്നിച്ച് കൈയ്യടിച്ചു.

"ജീവിതത്തിൽ ഏറ്റവും പ്രാധാന്യമുള്ള കാര്യങ്ങൾക്കാണ് നമ്മൾ മുൻഗണന കൊടുക്കേണ്ടത് എന്ന വലിയ പാഠമാണ് ഈ പ്രവർത്തനത്തിലൂടെ അലിമാഷ് ക്ലാസ്സിൽ ഞങ്ങൾക്കു പറഞ്ഞു തന്നത്. ഈ ബക്കറ്റിൽ ആദ്യം നിറച്ചത് വെള്ളമോ മണലോ ആയിരുന്നെങ്കിലോ? കല്ലുകൾക്കും മുത്തുകൾക്കും അവിടെ സ്പേസ് ഉണ്ടാകുമായിരുന്നില്ല. തീരെ പ്രാധാന്യമില്ലാത്ത കാര്യങ്ങളിൽ മുഴുകിയാൽ സുപ്രധാനമായ പലതിനും നമ്മുടെ ജീവിതത്തിൽ ഇടം കിട്ടുകയില്ല."

ആസിഫ് വലിയൊരു തത്ത്വചിന്തകനെപ്പോലെ പറഞ്ഞു:

"ഫോണെടുത്ത് ക്ലാസ്സ് കേൾക്കുന്നതിനിടയിൽ ഗെയിം ഓപ്പൺ ചെയ്യുമ്പൊഴൊക്കെ ഈ ഓർമ വേണം കേട്ടോ..." ഉറക്കെ ചിരിച്ച് അവനെ ചേർത്തു പിടിച്ചു കൊണ്ട് ഉപ്പ പറഞ്ഞു. അവൻ ചിരിച്ചുകൊണ്ടു തന്നെ ഉപ്പയ്ക്കൊരു ഉമ്മ കൊടുത്തു.

# മരം ഒരു വരം

**ചാരു**

**കി**ങ്ങിണിക്കാട്ടിൽ പണ്ടൊരു വലിയ മരം ഉണ്ടായിരുന്നു. വലിയ ഇലകളും ധാരാളം പൂക്കളും കായ്കളും നിറഞ്ഞൊരു മരം. അതിലെ പൂക്കളുടെ മണം നാട്ടിൽ മുഴുവനും പരക്കും... ആ മരത്തിൽ നിറയെ കിളികൾ വരാറുണ്ട്... കുട്ടികൾ കളിക്കുമ്പോൾ ആ മരം തന്റെ ചില്ലകൾ താഴ്ത്തി അവർക്കായി തന്റെ മാധുര്യമേറിയ ഫലം നൽകും...

അങ്ങനെ എല്ലാവർക്കും ഉപകാരിയായിരുന്നു ആ മരം.

ഒരു ദിവസം ആ മരത്തിനു ചുവട്ടിൽ കുറെ കുട്ടികൾ കളിക്കാനെത്തി. മരം അവർക്കായി തന്റെ തുടുത്ത പഴങ്ങൾ വീഴ്ത്തിക്കൊടുത്തു. കുട്ടികൾ എല്ലാവരും അത് കഴിച്ചു വിശപ്പടക്കി. ആ കൂട്ടത്തിൽ ഒരു കുട്ടി വിഷമിച്ചിരിക്കുന്നത് മരം കണ്ടു. മരം അവനോട് ചോദിച്ചു: "നീയെന്തിനാ വിഷമിക്കുന്നത്? എന്നോട് പറ. നിനക്കു ഇനിയും പഴങ്ങൾ വേണോ?"

ഇതും പറഞ്ഞു മരം തന്റെ ചില്ലകൾ ഒന്നു കുലുക്കി. തുരുതുരാ പഴങ്ങൾ കൊഴിഞ്ഞു വീണു. അവയിലേക്കൊന്നു നോക്കി കുട്ടി 'വേണ്ട' എന്ന് തലയാട്ടി.

"പിന്നെന്താ നിന്റെ പ്രശ്നം? പൂക്കൾ വേണോ?" ഇങ്ങനെ ചോദിച്ച് മരം തന്റെ സുഗന്ധമാർന്ന പൂക്കൾ ആ കുട്ടിക്ക് മുന്നിൽ പൊഴിച്ചു. കുട്ടി അതും വേണ്ട എന്ന് തലയാട്ടി. "ഇനി നിനക്കെന്താ വേണ്ടത്?" മരം കുട്ടിയോട് ചോദിച്ചു.



"എനിക്ക് പഠിക്കാൻ പുസ്തകം വേണം." എഴുതാൻ കടലാസ് വേണം. അത് തരാൻ നിനക്കു കഴിയുമോ? ഇല്ലല്ലോ." ഇ

തും പറഞ്ഞ് കുട്ടി മരത്തിന്റെ ചുവട്ടിൽ നിന്ന് എഴുന്നേറ്റു നടന്നു... അതും നോക്കി മരം വിഷമത്തോടെ നിന്നു.

അന്ന് ആ മരം ആർക്കും പഴങ്ങൾ നൽകിയില്ല.. പൂക്കൾ കൊഴിച്ചില്ല. തന്നോട് നാട്ടിലെ വിശേഷങ്ങൾ പറയാനെത്തിയ കാറ്റിനോടും കിളികളോടും മിണ്ടിയില്ല. മരത്തിൽ ചേക്കേറാനെത്തിയെ കിളികൾ തങ്ങളുടെ കൂട്ടത്തിലെ മുതിർന്ന കൊക്കമ്മാവനോട് മരത്തിന്റെ മാറ്റത്തെക്കുറിച്ച് സംസാരിച്ചു.

കൊക്കമ്മാവൻ മരത്തിനോട് ചോദിച്ചു: "മരമേ, മരമേ നിന്റെ ഈ മൗനത്തിന്റെ കാരണമെന്താണ്. എന്താണെങ്കിലും നീ ഞങ്ങളോട് പറയൂ. നമുക്കെല്ലാവർക്കും ഒരുമിച്ചിരുന്നു പരിഹാരം കാണാം."

കൊക്കമ്മാവന്റെ സംസാരം കേട്ട മരം താൻ സംസാരിച്ച ബാലനെക്കുറിച്ച് കൊക്കമ്മാവനോട് പറഞ്ഞു. എല്ലാം കേട്ട കൊക്കമ്മാവൻ മരത്തിനോട് പറഞ്ഞു.





"അവനെ സഹായിക്കാൻ ഞങ്ങൾക്കാർക്കും കഴിയില്ല. അത് നിങ്ങൾ മരങ്ങൾക്കു മാത്രമേ സാധിക്കൂ...." അത് കേട്ട മരം ഉത്സാഹത്തോടെ ചോദിച്ചു:

"എങ്ങനെ, എങ്ങനെയാണ് എനിക്ക് ആ കുട്ടിയെ സഹായിക്കാൻ കഴിയുക?"

കൊക്കമ്മാവൻ പറഞ്ഞു: "മരത്തിന്റെ പൾപ്പ് ഉപയോഗിച്ചാണ് പേപ്പർ ഉണ്ടാക്കുക. ആ പേപ്പറുകൾ ഉപയോഗിച്ചാണ് പുസ്തകം ഉണ്ടാക്കുക."

കൊക്കമ്മാവൻ പറയുന്നത് കേട്ട് മരം ഒന്നാലോചിച്ചു. എന്നിട്ട് കൊക്കമ്മാവനോട് പറഞ്ഞു: "എങ്കിൽ ഞാൻ ആ ബാലനും മറ്റുള്ള കുട്ടികൾക്കും ഒരു പുസ്തകമായി മാറാൻ തയ്യാറാണ്... നിങ്ങൾ എല്ലാവരും വേറെ എവിടേക്കെങ്കിലും താമസം മാറണം."

അതു കേട്ട് കൊക്കമ്മാവൻ മരത്തിനോട് പറഞ്ഞു: "അരുത് മരമേ.. അരുത്. നിന്നിലൂടെ എത്രയോ പേരാണ് ജീവിക്കുന്നത്.. നീ നൽകുന്ന തണലും... നീ നൽകുന്ന ഫലങ്ങളും കൊണ്ട് ജീവിക്കുന്നവരാണ് ഞങ്ങളെല്ലാം."

പക്ഷേ, മരത്തിന്റെ മറുപടി ഇങ്ങനെയായിരുന്നു: "എല്ലാത്തിലും വലുത് വിദ്യയാണ്. ആ വിദ്യ പകരാൻ സഹായിച്ചാൽ അതാണെനിക്ക് സന്തോഷം. നിങ്ങളെല്ലാവരും എന്നിൽ നിന്നു പോകണം. ഇനി ഞാൻ പുസ്തകമായി ഇവിടെ ഉണ്ടാവും.

കൊക്കമ്മാവനെയും കൂട്ടരെയും ബലമായി മരം കൂടുകളിൽ നിന്ന് ഇറക്കിവിട്ടു. അവർ പോയതും മരം കട പുഴകി വീണു.

അതുകണ്ട് കിളികളും കാക്കകളും കൊക്കമ്മാവനുമെല്ലാം തേങ്ങിക്കരഞ്ഞു. അവർക്കു സംസാരിക്കാനുള്ള കഴിവ് നഷ്ടമായി. പലരുടെയും ശബ്ദവും മാറി. അങ്ങനെയാണ് ഇന്നത്തെ കിളി ശബ്ദവും പുസ്തകങ്ങളും ഉണ്ടായത് എന്നാണ് കഥ.




# VOCASCAPE

**Dr Abdul Latheef V**

In English, the *Verb* has many different forms and one of such forms is called past form or V2.

Study the given words and write their V2 forms. You may use a dictionary if you don't know the correct forms.

| Column A | Column B |
| --- | --- |
| 1.cost | a)...................................... |
| 2.make | b)...................................... |
| 3.give | c)...................................... |
| 4.choose | d)...................................... |
| 5.spend | e)...................................... |
| 6.say | f)...................................... |

# Curious & Catchy Words

## Eavesdropper


Have you seen people who love to hide somewhere and secretly listen to what others' speak? Do you have friends who have this habit of secretly listening to others' talks? Have you ever thought that such people have got special words in the English dictionary? The word to refer to such *a person who listens secretly to what other people are saying is* **Eavesdropper.** *In Malayalam the correct word is :* ഒളിഞ്ഞു നിന്ന് (കട്ടു) കേൾക്കുന്നവൻ

- *My neighbor is an eavesdropper.*
- *Some people love eavesdropping but people generally hate eavesdroppers .*

## Bootlicker

Have you seen people or some characters in films or stories who obey people in authority so much that they do anything to please powerful people or their so-called masters? Have you ever thought that the English vocabulary has got interesting words to name those types of people? The word to refer to such *a person who is too friendly to somebody in authority and is always ready to do what they want is* **Bootlicker.** *In Malayalam the correct word is :* ചെരിപ്പുനക്കി

- *Politicians love to have many bootlickers around them.*
- *Bootlickers usually do it for getting personal benefits.*


Master Imitable
I understa nd. To cheat it to death, Right?
That's to make the fish feel at ease.
Absolutely. The fish, shouldn't feel being trapped.
I got the point
Now the ball is in our court.
This sport seems to be interesting.
You sound like an expert teacher
After freeing up the entire line, wait a while and pull it up suddenly
How do we know the fish is hooked
If you feel a kind of tug of war on the line it means fish!


Do you sense a tug of war?
Definitely. Please look at the water level.
Because the fish has reached the top.
Why are these ripples ?
Oh my God! It's a snake!! Let's drop it and run.
Dear. Please don't run away
What do you mean ?
This is a type of fish, namely eel.
Dear, the last part of fishing is unhooking
I'm not yet free from the shock
No unwanted shock, please.
Fine. Anyway, it's a nice experience
continue

**STORY LINE**

As usual, the 'King' was roaming about in the darkness of nights to see if he could extend any service to alleviate the sufferings of his subjects. After being the 'King', he was much used to burning the midnight oil to ensure the maximum welfare of his people. On such a night, he wandered through a desolate place looking for houses in which lights still flickered. In his view, the glimmer of light at a house, in the deadness of night, meant the residents needed some kind of help. Seeing the dim light spreading its weak rays from the remote corner of that less populated area, the 'King' sensed that there could be somebody in that small hut who is still awake because something obstructs their sleep.

He directed his horse's heads to towards that hut. A stone's throw from the hut, he heard sounds of two people crying in helplessness. The King's heart started aching. One man was sobbing on the veranda while the painful cries of a woman broke out from inside at



# A Matchless Ruler's Matchless Dutifulness

regular intervals.

“My wife is in her birth pains. We have neither water nor food. Nor do we have anybody to help her out in delivery”. The man uttered these words without being able to control his tears.

Hearing these words, the ‘King’ mounted his horse, rode home as fast as he could. The ‘Queen’ could sense something urgent in his body language. He told the woeful tale of the man and woman to her.

The ‘Queen’ said, “let's get ready and get going. I can be her midwife”. Her words were pregnant with an unfaltering sense of service.

The King collected some wheat floor, clothes, water etc and set off for the hut. Seeing the man who left the hut a while ago coming back with a woman and provisions for making food, the man felt relieved.

The 'king' consoled the man and stepped in. While the 'Queen' took care of the woman, helped her give birth to the baby, the 'King' was busy preparing food in the kitchen. He lit the oven, kneaded the wheat flour and made roti. Seeing this incredible sight, the man's heart overwhelmed with happiness. He wished “ people like these should the ruler of this country”

After sometime, the Queen called out in joy. “Oh the leader of the believers, Almighty God has blessed your brother with a child. My sister here has delivered a baby”. Thanks to God, we got a chance to give a helping hand to them at the time of bare need.

The man and the woman who heard the term of address the leader of the Believers (Ameerul muhmineen) became thunderstruck. They couldn't believe their ears nor could they count on their eyes. It was none other than the second Caliph, Umer ibn Kathab and his wife who were their servants for the night!

■

## WORD HUNT

Stories can do a lot in improving your skills in English. As children it is very important to develop the habit of reading stories. If the stories are about great people and their experiences, they could teach us great lessons. As you read on, learn to pay attention to new words and try to guess their meanings from the context.

**Find out correct synonyms from the story for the given words**

| Words | Synonyms from the story |
|---|---|
| Wandering | |
| Shine unsteadily | |
| Sad | |
| Unbelievable | |
| Shocked | |
| Helper | |

## GO IDIOMATIC

*Idioms are a group of words whose meaning is different from the meanings of the individual words*. Using idioms in your English will make it very colourful and impressive.

**Trace the idioms from the story for the following words.**

1. *Work until late at night:*

   .........................................................................


2. *To help someone :*

   .........................................................................




പ്രിയ ചങ്ങാതീ...

ഞങ്ങൾക്ക് നിന്നെ ഒത്തിരി ഇഷ്ടമാണ്. ഞങ്ങൾ നിന്നെ ഏറെ സ്നേഹിക്കുന്നു. നിനക്ക് സുഖമാണെന്നു കരുതുന്നു. നീ ഒരു അറിവിന്റെ കലാലയമാണ്. നീ നൽകുന്ന ഗുണകരമായ ചരിത്രങ്ങൾ ഞങ്ങൾക്ക് വളരെ ഉപകാരപ്രദമാണ്. കുസുമത്തിലെ മധുരമേറിയ നോവലുകൾ ഞങ്ങളെ ഏറെ സന്തോഷിപ്പിക്കുന്നു. ഇനിയും ഒരുപാട് വിഭവങ്ങളുമായി നീ വീണ്ടുമെത്തുമെന്ന പ്രതീക്ഷയോടെ നിന്റെ പ്രിയ കൂട്ടുകാരികൾ...



**ആദില, ഷിംല, ഫെമിന, മുർഷിദ, ഫിദ, ശിഫ, ലൈല, ഫഹ് മിദ**

**ഹയാത്തുൽ ഇസ്ലാം മദ്റസ, വട്ടപ്പാടം**

പ്രിയ കുസുമത്തിന്,

എനിക്ക് കുസുമം വളരെ ഇഷ്ടമാണ്. ഓരോ മാസവും ആദ്യമാകുമ്പോഴേക്കും ഞങ്ങൾക്ക് വളരെ സന്തോഷമായിരിക്കും. കുസുമത്തെ ഞങ്ങൾ കാത്തിരിക്കാറുണ്ട്. കുസുമത്തിലെ എനിക്കേറ്റവും ഇഷ്ടമുള്ളത് പ്രകൃതിനാട്ടിലെ സുകൃതിക്കുട്ടന്മാർ എന്ന നോവ




ലാണ്. കഥകൾ, കവിതകൾ, ലേഖനങ്ങൾ, ക്വിസ് തുടങ്ങി കുസുമത്തിലെ എല്ലാം ഞങ്ങൾക്ക് ഉപകാരപ്രദമാണ്. മുസ്റ്റർ മണ്ടപ്പൻ ഞങ്ങളെ ചിരിപ്പിക്കുകയും സഫർ ഒരുപാട് അറിവ് നൽകുകയും ചെയ്യാറുണ്ട്. ഇതെല്ലാം തരുന്ന കുസുമത്തിന് നന്ദി.

**ഫാത്തിമ നിഹാല, ക്ലാസ് - 7**
**ഹിദായത്തുൽ ഇസ്ലാം സുന്നി മദ്റസ അരിയല്ലൂർ ബീച്ച്**



ഫാത്തിമ ഹന്ന. പി, ക്ലാസ് 7 എ
സിറാജുൽ ഹുദാ മദ്റസ
ഇന്ത്യനൂർ



റിഷാന ഫാത്തിമ, ക്ലാസ് 7
ലത്തീഫിയ്യ സെക്കണ്ടറി മദ്റസ ശിറിയ കുന്നിൽ



ലുന ഫാത്തിമ
റൗളത്തുൽ ഉലൂം
സ്രാമ്പിക്കൽ പരപ്പൻപൊയിൽ



ഫാത്തിമ റിയ എം. വി
6 - എ, ഇർശാദ് സ്കൂൾ പന്താവൂർ





അഹമ്മദ് ജസീം ടി, ക്ലാസ് - 8
ഖുതുബുസ്സമാൻ സുന്നി മദ്റസ
കൊടിഞ്ഞി



ഫാത്തിമത് നാജിയ. എ
മമ്പഉൽ ഉലൂം സുന്നി മദ്റസ





മുഹമ്മദ് ഹിദാശ് കെ.എ
ക്ലാസ് 5 മുഹിമ്മാത്തുദ്ദീൻ മദ്റസ
പള്ളിപ്പടി



സബീല കെ.എ



നിസാമുദ്ദീൻ സി.കെ
മർകസുൽ ബദ്‌രിയ്യ, പാലോട്ടിൽ



മുഹമ്മദ് സിനാൻ. പി
ക്ലാസ് 6 - പള്ളിക്കുന്ന്
ദാറുസ്സലാ ഓർഫനേജ് വാഴമ്പുറം



നിഹ്മ ജബിൻ
ക്ലാസ് 6



മുഹമ്മദ് ലിയാൻ എം. കെ
ക്ലാസ് - 4
ദാറുസ്സലാം സുന്നി മദ്റസ, മുനമ്പത്ത്

***ചിത്രങ്ങൾ തപാൽവഴി മാത്രം അയക്കുക***




PRINTED AND PUBLISHED BY **P. KUNHAMMED KLARI** SAMASTHA ISLAMIC CENTRE, CALICUT - 673 006, PRINTED AT : GEETHANJALI OFFSET PRESS, CALICUT. HONORARY CHIEF EDITOR : **MUHAMMED PARANNUR**